



KERALA INSTITUTE OF LOCAL ADMINISTRATION (KILA)

Mulamkunnathukavu P O, Thrissur - 680 581, Kerala, India,
Ph: +91-487-2207000,2201312, +91-487-2201062 | Mail: info@kila.ac.in,
Web: www.kila.ac.in


SUSTAINABLE DEVELOPMENT GOALS




## സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# ബാലസൗഹൃദ തദ്ദേശഭരണം

### കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജൂലൈ 2022

## സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# ബാലസൗഹൃദ തദ്ദേശഭരണം

### കൈപ്പുസ്തകം


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളംകുന്നത്തുകാവ്, തൃശ്ശൂർ-680581

ജൂലൈ 2022

| | |
|---|---|
| **ചീഫ് എഡിറ്റർ** | **Chief Editor** |
| **ഡോ. ജോയ് ഇളമൺ** | **Dr. Joy Elamon** |
| ഡയറക്ടർ ജനറൽ, കില | Director General, KILA |
| **എഡിറ്റർ** | **Editor** |
| ഡോ. പീറ്റർ എം രാജ് | Dr. Peter M Raj |
| **അസോസിയേറ്റ് എഡിറ്റർമാർ** | **Associate Editors** |
| ശ്രീമതി. സുകന്യ കെ.യു | Ms. Sukanya K.U |
| ശ്രീ. എം.ജി. കാളിദാസൻ | Sri. M.G Kalidasan |
| ശ്രീ. ഭാസ്കരൻ പള്ളിക്കര | Sri. Bhaskaran Pallikkara |
| ശ്രീ. സജീവ് കെ.ജി | Sri. Sajeevu K.G |
| **എഡിറ്റോറിയൽ സഹായം** | **Editorial Support** |
| ശ്രീ. ഷൈജു എം | Mr. Shyju M |
| **കവർ & ലേഔട്ട്** | **Cover & Layout** |
| ശ്രീ. അഭിരാം കെ.ടി.കെ | Mr. Abhiram K.T.K |
| **പ്രസാധനം** | **Published by** |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ | Kerala Institute of Local Administration |
| മുളംകുന്നത്തുകാവ്, തൃശ്ശൂർ 680581 | Mulamkunnathkavu, Thrissur - 680581 |
| ഫോൺ: 0487-2207000 (ഓഫിസ്) | Phone: 0487 - 2207000 (Office) |
| 0487-2201312 (ഡയറക്ടർ ജനറൽ) | 0487 - 2201312 (Director General) |
| 0487-2201062 (ഫാക്സ്) | 0487 - 2201062 (Fax) |
| ഇ-മെയിൽ: info@kila.ac.in | e-mail: info@kila.ac.in |
| വെബ്സൈറ്റ്: http//www.kila.ac.in | Website: http//www.kila.ac.in |
| **അച്ചടി** | **Printed at** |
| ഗ്രാമലക്ഷ്മി മുദ്രാലയം | Gramalakshmi Mudralayam |
| ജൂലൈ 2022 | July 2022 |

# അവതാരിക

മാനവരാശിയുടെ പുരോഗതി കുട്ടികളുടെ വികസനത്തിന്റെ അടിത്തറയിലാണ് നിലനിൽക്കുന്നത്. ലോകത്തിലാകമാനമായി ഉരുതിരിഞ്ഞുവരുന്ന ആഗോള പ്രശ്നങ്ങളെ മനുഷ്യർക്കൊപ്പം പ്രകൃതിയും ജീവജാലങ്ങളും സംസ്കൃതിയുമെല്ലാം ഇഴചേർന്നിരിക്കുന്നു വെന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഓർമ്മപ്പെടുത്തുന്നു. ഈ ലക്ഷ്യങ്ങൾ കുട്ടികളുടെ വികസനം ഉറപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഉതകുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള തിട്ടപ്പെടുത്തലുകൾക്കും ഊന്നൽ നൽകിയിരിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സാധ്യതകളെ ഉപയുക്തമാക്കുകയെന്നതാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി രൂപപ്പെടുത്തിയിട്ടുള്ള പ്രാദേശിക സൂചകങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. (Local Indicator Frame Work) ഇത് കുട്ടികളുടെ വികസനത്തിനും അവകാശാധിഷ്ഠിത സമീപനത്തിനും എപ്രകാരം ഉപയുക്തമാക്കാം എന്നത് സുചിന്തിതമായി പരിശോധിക്കേണ്ടതുണ്ട്.

കേരളം പല സംസ്ഥാനങ്ങളേക്കാളും കുട്ടികളുടെ വികസനത്തിൽ മുന്നോട്ട് പോയി ട്ടുണ്ടെങ്കിലും അത് അന്തർദേശീയ നിലവാരത്തിലേക്ക് ഇനിയും ഉയരേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനവും അധികാര വികേന്ദ്രീകരണവും അതോടൊപ്പം നവകേരള പരിപാടിയുടെ നവീനാശയങ്ങളും കുട്ടികളുടെ മേഖലയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കില നേതൃത്വം നൽകിയ ബാലസൗഹൃദ തദ്ദേശഭരണ പരിശീലനങ്ങളുടെ പ്രസക്തിയും ശ്രദ്ധേയമായിരുന്നു. ഈ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള സുസ്ഥിര വികസന പരിശീലനത്തിൽ വളരെ പ്രധാനപ്പെട്ട വിഷയമേഖലകളിലൊന്നായി ബാലസൗഹൃദ തദ്ദേശഭരണം ഉൾപ്പെടുത്തിയിട്ടുള്ളത്.

കുട്ടികളുടെ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതി നുള്ള ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നതിനായി സുസ്ഥിര വികസനലക്ഷ്യ സൂചകങ്ങൾ ഉപയോഗപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ഈ പരിശീലനംകൊണ്ട് കഴിയുമെന്നാണ് പ്രതീക്ഷ. പരിശീലനത്തിന് നേതൃത്വം നൽകുന്ന പരിശീലകർക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും **സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം – ബാലസൗഹൃദ തദ്ദേശഭരണം** എന്ന ഈ പഠനസഹായി തികച്ചും ഉപയോഗപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾക്ക് നേതൃത്വം നൽകിയ കിലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം രാജിനേയും സഹപ്രവർത്തകരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# ആമുഖം

ഒരു രാഷ്ട്രത്തിന്റെ വികസനം തിട്ടപ്പെടുത്തുന്നത് മാനവവികാസ സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് ഇതിൽ അതിപ്രധാന ഘടകം കുട്ടികളുടെ വികസനമാണ്. കുട്ടികളുടെ വികസനം ഉറപ്പാക്കുന്നതിന് ഏറ്റവും കൂടുതൽ സാധ്യത തദ്ദേശഭരണ സ്ഥാപനങ്ങൾക്കായത് കൊണ്ടാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വമായി മാറുന്നത്. കുട്ടികളുടെ വികസനത്തിന് സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ കേരളത്തിലെ ജനകീയാസൂത്രണം വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഈ രംഗത്ത് സ്തുത്യർഹമായ പല യജ്ഞങ്ങളും കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇവയെ സൂചക ബന്ധിതമായി ലക്ഷ്യനിർണ്ണയം നടത്തുന്നതിലും മോണിട്ടർ ചെയ്യുന്നതിലും ചില വിടവുകൾ ഉള്ളതായി ചർച്ച ചെയ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. ബാലസൗഹൃദ ഭരണത്തെ ഫലാധിഷ്ഠിത ആസൂത്രണ സൂചകബന്ധിതമായിക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് **സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം – ബാലസൗഹൃദ തദ്ദേശഭരണം** എന്ന ഈ പഠന സഹായി തയ്യാറാക്കിയിട്ടുള്ളത്.

ആറ് അദ്ധ്യായങ്ങളായാണ് ഈ പഠന സഹായി ക്രമപ്പെടുത്തിയിട്ടുള്ളത്. ബാലസൗഹൃദ തദ്ദേശസ്വയംഭരണം എന്ന ഒന്നാം അദ്ധ്യായത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കുട്ടികളുടെ വികസന സമീപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ എന്നിവയാണ് വിഷയങ്ങൾ. കുട്ടികളുടെ വികസനം എന്ന രണ്ടാം അദ്ധ്യായത്തിൽ സുസ്ഥിര വികസന ലക്ഷ്യ വിഷയമേഖലകൾ, ആസൂത്രണ മാർഗനിർദ്ദേശങ്ങൾ, കുട്ടികളുടെ വികസന സമീപനങ്ങൾ എന്നിവയാണ് പ്രതിപാദിക്കുന്നത്. കുട്ടികളും തദ്ദേശഭരണ സ്ഥാപനങ്ങളും എന്ന മൂന്നാം അദ്ധ്യായത്തിലാകട്ടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, മാർഗരേഖപ്രകാരമുള്ള ബാലസൗഹൃദ ഇടപെടലുകൾ, ബാലാവകാശ ഇടപെടൽ മേഖലകൾ എന്നിവയാണ്. എന്താണ് ബാലസൗഹൃദ പ്രാദേശിക ഭരണം എന്ന നാലാം അദ്ധ്യായത്തിൽ കുട്ടികൾക്കായുള്ള പൊതുവേദികൾ, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി, പ്രാദേശിക സൂചക ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. ബാലസൗഹൃദ ഭരണ ലക്ഷ്യങ്ങളും, ചൈൽഡ് ബഡ്ജറ്റിംഗും സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ബാലസൗഹൃദ തദ്ദേശഭരണ രൂപീകരണം എന്നിവ

അഞ്ചാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ആറാം അദ്ധ്യായത്തിൽ മോണിട്ടറിംഗിന്റെ ആവശ്യകതയും അതിനുള്ള സംവിധാന രൂപീകരണവുമാണ് പ്രതിപാദിക്കുന്നത്.

ഈ പഠനസഹായി ബാലസൗഹൃദ തദ്ദേശഭരണം സുസ്ഥിരമാക്കാനും ആവശ്യമായ തീരുമാനങ്ങളെടുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. പീറ്റർ എം രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പേജ് നം |
|---|---|---|
| 1 | ബാലസൗഹൃദ തദ്ദേശഭരണം | 09 |
| 2 | കുട്ടികളുടെ വികസനം | 12 |
| 3 | കുട്ടികളും തദ്ദേശഭരണ സ്ഥാപനങ്ങളും | 20 |
| 4 | എന്താണ് ബാലസൗഹൃദ പ്രാദേശിക ഭരണം | 26 |
| 5 | സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ബാലസൗഹൃദ തദ്ദേശഭരണ രൂപീകരണം | 40 |
| 6 | മോണിട്ടറിംഗ് – സ്വീകരിക്കാവുന്ന പൊതു സൂചകങ്ങൾ | 45 |
| | അനുബന്ധം | 49 |

അദ്ധ്യായം 1

# ബാലസൗഹൃദ തദ്ദേശഭരണം

ബാലസൗഹൃദ തദ്ദേശഭരണം ആശയത്തിലും പ്രയോഗത്തിലും ഇന്ത്യയിൽ ഏറെ പ്രചാരം നേടികൊണ്ടിരിക്കുന്ന ഭരണമാതൃകയാണ്. കേരളം ഉൾപ്പടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ മുന്നേറ്റത്തിന് പ്രേരണയായി തീർന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. കുട്ടികളുടെ വികസനമേഖലയിൽ സൂചകബന്ധിതമായി ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തി മുന്നോട്ടുപോകാൻ കഴിഞ്ഞാൽ മാത്രമേ കൈവരിക്കുന്ന നേട്ടങ്ങൾ ശാശ്വതമാക്കി മാറ്റാൻ സാധ്യമാകു.

ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അന്തർദേശീയ ഉടമ്പടിയിൽ വിഭാവനം ചെയ്യുന്ന കുട്ടികളുടെ അവകാശങ്ങൾ സാക്ഷാൽകരിക്കുന്നതിന് നമ്മുടെ രാജ്യം പ്രതിജ്ഞാബദ്ധമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള പുരോഗതിയുടെ പ്രധാന മാർഗങ്ങളിലൊന്നാണ് കുട്ടികളുടെ സമഗ്രവികസനം. അതുകൊണ്ട്തന്നെ സുസ്ഥിര വികസന അജണ്ടയിൽ ബാലാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം വളരെ പ്രസക്തമാണ്. ഗ്രാമപഞ്ചായത്ത് വികസന പദ്ധതി മാർഗരേഖ കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബാലസൗഹൃദ പഞ്ചായത്തുകൾക്കുള്ള പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ അവാർഡ് തുടങ്ങിയവ ബാലസൗഹൃദ ഗ്രാമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുന്നു.

## സമീപനം

വിഷയാധിഷ്ഠിത സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരിച്ച് ഏകദേശം 22 പ്രാദേശിക ഇന്റർസെക്ടൽ സൂചകങ്ങൾ ബാലസൗഹൃദ ഭരണസംബന്ധിയായ ലോക്കൽ ഫ്രെയിം വർക്കിൽ നൽകിയിരിക്കുന്നു. പ്രാദേശിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സൂചകങ്ങൾ കൂട്ടിച്ചേർക്കാനാകും. ബാലസൗഹൃദ തദ്ദേശസ്ഥാപന പദവി കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ ലക്ഷ്യങ്ങൾ തിരഞ്ഞെടുക്കണം. മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസീകവും സാമൂഹികവുമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നത് രാഷ്ട്രപുരോഗതിക്ക് അനുപേക്ഷണീയമാണ്. എല്ലായിടത്തും എപ്പോഴും യാതൊരുവിധ വിവേചനങ്ങളും കൂടാതെ ബാലാവകാശങ്ങൾ ഉറപ്പാക്കപ്പെടുകയാണ് ബാലസൗഹൃദ ഭരണലക്ഷ്യം.

മുൻകാല പരിശീലനങ്ങളിൽ കുട്ടികളുടെ അവകാശങ്ങളെ ബന്ധപ്പെടുത്തിയാണ് ബാലസൗഹൃദ പ്രാദേശികഭരണം ചിട്ടപ്പെടുത്തിയിരുന്നത്. സംവിധാനങ്ങൾക്കും, സമ്പ്രദായങ്ങൾക്കുമായിരുന്നു പ്രാധാന്യം. സുസ്ഥിര വികസന രീതിയിലേക്ക് മാറുമ്പോഴും മുൻ മാതൃകയനുസരിച്ചുള്ള സംവിധാനങ്ങളും ഇടപെടലുകളും തന്നെയാണ് പരിപാടികളും പ്രൊജക്ടുകളുമായി സ്വീകരിക്കേണ്ടത്. എന്നാൽ മൂല്യ നിർണ്ണയ പ്രക്രിയയിലും ലക്ഷ്യങ്ങൾ രൂപീകരിക്കുന്നതിലും സുസ്ഥിര വികസന ലക്ഷ്യങ്ങളെ മാതൃകയാക്കി ചിട്ടപ്പെടുത്തേണ്ടതാണ്. ഇതനുസരിച്ച് ഓരോ ഇടപെടൽമേഖലയിലും ഏതേത് സൂചകങ്ങൾ പ്രസക്തമാണെന്ന് തിട്ടപ്പെടുത്തി ആ സൂചകങ്ങളുടെ നിലവിലെ അവസ്ഥ കണക്കാക്കിയാണ് പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. സൂചകങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിലയിരുത്തുമ്പോൾ ഈ മേഖലയിൽ ഇനിയും എത്രമാത്രം പുരോഗതി കൈവരിക്കേണ്ടതുണ്ട് എന്ന് തിട്ടപ്പെടുത്താൻ സാധ്യമാകും. ഇതനുസരിച്ച് ലക്ഷ്യങ്ങൾ മുന്നോട്ടുവക്കുകയും അവ എത്രമാത്രം നേടാനായി എന്ന് ഓരോ ഘട്ടങ്ങളിലും പരിശോധിക്കുകയും തൽഫലമായി കാണപ്പെടുന്ന വിടവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സാധ്യത കൈവരുകയും ചെയ്യും. ഇതുവഴി ബാലസൗഹൃദ തദ്ദേശഭരണം സൂചകാടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയും ഇതോടെ നമ്മുടെ കുട്ടികളുടെ പുരോഗതി അന്താരാഷ്ട്ര സൂചകങ്ങൾക്ക് ഒപ്പമാകുകയും ചെയ്യും. ഇത്തരം ശാസ്ത്രീയമായ ഡാറ്റബെയ്സ്ഡ് ആസൂത്രണമാണ് തുടർന്നുള്ള കാലങ്ങളിൽ ബാലസൗഹൃദ ഭരണം സുസ്ഥിരമാക്കുന്നതിനായി സ്വീകരിക്കേണ്ടി വരിക.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കുട്ടികളുമായി ബന്ധപ്പെട്ട ലോക്കൽ ഇന്റിക്കേറ്റർ ഫ്രെയിമിൽ ആവശ്യപ്പെടുന്ന (ഡാഷ്ബോർഡ്) എല്ലാ സ്ഥിതിവിവര കണക്കുകളും യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രചോദിപ്പിക്കുകയും, പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണല്ലോ പരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. എന്നാൽ ഇത്തരം കണക്കുകൾ നൽകുന്നത് ഒരു യാന്ത്രിക പ്രക്രിയ വഴിയാകുന്നതുകൊണ്ട് ഒരു പ്രയോജനവും ലഭിക്കില്ലെന്ന് മാത്രമല്ല ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിന് സാധ്യമാവുകയും ചെയ്യണമെന്നില്ല. ഈ സാഹചര്യത്തിലാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളെ വിഷയാധിഷ്ഠിതമായി (തീമാറ്റിക്) വികസന വിഷയങ്ങളായി സമീപിക്കുന്നതിന് തീരുമാനിക്കുന്നത്. വികസന സൂചകങ്ങളെ താഴെ പറയുന്ന 10 വിഷയാധിഷ്ഠിത മേഖലകളായി തിരിച്ച് നിരന്തര അവസ്ഥാപഠനവും കുറവുകൾ തിട്ടപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വിധത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്.

## സുസ്ഥിര വികസന ലക്ഷ്യ വിഷയാധിഷ്ഠിത മേഖലകൾ

1. ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവനമാർഗമുള്ളതുമായ ഗ്രാമം/നഗരം
2. ആരോഗ്യ ഗ്രാമം/നഗരം
3. ബാലസൗഹൃദം ഗ്രാമം/നഗരം
4. ജലസമൃദ്ധ ഗ്രാമം/നഗരം
5. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം/നഗരം
6. സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഗ്രാമം/നഗരം

7. സാമൂഹ്യ സുരക്ഷിത ഗ്രാമം/നഗരം
8. സദ്ഭരണം
9. ലിംഗ സമത്വ വികസനം
10. ഗുണമേന്മയുള്ള വിദ്യാഭ്യാസം

ബാലസൗഹൃദ ഭരണവുമായി ബന്ധപ്പെട്ട സൂചകങ്ങളുടെ പട്ടിക പ്രത്യേകം നൽകിയട്ടുള്ളത് ശ്രദ്ധിക്കുക. നിർദ്ദിഷ്ട സൂചകങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന സൂചകം പ്രസ്തുത സൂചകത്തിന്റെ നിലവിലെ അവസ്ഥ, ഉദ്ദേശിച്ച നിലയിൽ എത്തിയിട്ടില്ലെങ്കിൽ എത്രമാത്രം കുറവാണ്, പരഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ തുടങ്ങിയ നിർദ്ദിഷ്ട ഘട്ടങ്ങളിൽ പരിശോധിച്ച് മോണിട്ടർ ചെയ്യുക വഴി ബാലസൗഹൃദ ഭരണം സുസ്ഥിരമായി പ്രയോഗത്തിൽ എത്തും എന്നാണ് പ്രതീക്ഷ. കേവലം കണക്കുകളുടെ ശേഖരണവും പരിശോധനയുമല്ല മറിച്ച് കുട്ടികളുടെ വികസനം ഉറപ്പാക്കപ്പെടുകയാണ് ലക്ഷ്യം.

അദ്ധ്യായം 2

# കുട്ടികളുടെ വികസനം

## കുട്ടി ഒരു നിർവ്വചനം

കുട്ടികളുടെ അന്താരാഷ്ട്ര ഉടമ്പടിയിൽ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ മനുഷ്യരേയും കുട്ടികളായി കണക്കാക്കുന്നുവെന്ന് നിർവ്വചിച്ചിട്ടുണ്ട്. ഇന്ത്യയിലെ ബാല നീതി നിയമവും ഇതേ നിർവ്വചനമാണ് കുട്ടികളെ നിർണ്ണയിക്കുവാൻ കണക്കാക്കിയിട്ടുള്ളത്.

## കുട്ടികളുടെ അവസ്ഥ

കുട്ടികളുടെ മൂല്യം നിർണ്ണയാതീതമാണ്. ഓരോ കുടുംബവും സമൂഹവും അതിന്റെ ഭാവിയുടെ സൂചകമായി കണക്കാക്കുന്നത് കുട്ടികളെയാണ്. എന്നാൽ അവർക്ക് ലഭിക്കുന്ന പിൻതുണകളും അവരുടെ അവസ്ഥയും എല്ലായിടത്തും ഒരുപോലെയല്ല. ബാലമരണങ്ങളും രോഗങ്ങളും ഇന്നും കുട്ടികളെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം ദാരിദ്ര്യവും പട്ടിണിയും പ്രകൃതി ക്ഷോഭങ്ങളും കലാപങ്ങളും അക്രമങ്ങളും എല്ലാം കുട്ടികളെ ബാധിക്കുന്നുണ്ട്. ഭൂരിഭാഗം കുട്ടികളും ഈ ദുരവസ്ഥയിൽ നിന്നും മോചിതരാണെങ്കിലും ഒരു വിഭാഗം കുട്ടികൾ ഇന്നും ക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണ് എന്ന് പ്രഖ്യാപിക്കുന്ന ദേശീയ നയം ഈ കുട്ടികൾക്ക് അതുകൊണ്ടുതന്നെ അപ്രാപ്യമായി തുടരുന്നു.

## കുട്ടികളുടെ വികസനം

മനുഷ്യന്റെ ജനനം മുതൽ മരണം വരെ വളർച്ചയിലും വികാസത്തിലും ശാരീരികവും, മാനസീകവുമായ പലവിധമുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഉയരം കൂടുക, അറിവ് വർദ്ധിക്കുക, പുതിയ മനോഭാവങ്ങൾ കൈവരിക്കുക തുടങ്ങിയ അഭിവൃദ്ധികരമായ പരിവർത്തനങ്ങളായിരിക്കും ചിലത്. ശരീരം മെലിയുക, ഓർമ്മ ക്ഷയിക്കുക, പേശികൾ ദുർലഭമാകുക എന്നിങ്ങനെ ക്ഷയോന്മുഖങ്ങളായ മാറ്റങ്ങളുണ്ടാകാം ഇവയിൽ പുരോഗമനോന്മുഖങ്ങളായ പരിവർത്തനങ്ങളാണ് വികാസം എന്ന് പറയുന്നത്. വികാസത്തിന് ഒരു പരിധിയുണ്ട്. ഈ പരിധിയെ പരിപക്വത എന്ന് പറയുന്നു. ക്രമാനുസൃതമായ വ്യതിയാനങ്ങളാണ് പരിപക്വതയിലേക്ക് നയിക്കുന്നത്. ചുരുക്കത്തിൽ ജീവിതാരംഭം മുതൽ പരിപക്വതവരെയുള്ള പുരോഗമനാത്മകവും ക്രമാനുസൃതവുമായ പരിവർത്തനങ്ങളുടെ പരമ്പരയാണ് കുട്ടികളുടെ വികാസം. കുട്ടികളുടെ വികസനത്തിന് പ്രധാനമായും രണ്ട് സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

### 1. ജീവിത ചക്രം അടിസ്ഥാനമാക്കിയുള്ള സമീപനം

പ്രജനനം മുതൽ പരിപക്വത ആർജ്ജിക്കുന്നതുവരെയുള്ള (0–18) ഓരോ വികാസഘട്ടങ്ങളിലും കുട്ടികൾക്ക് വ്യത്യസ്ഥങ്ങളായ ആവശ്യങ്ങളും ധർമ്മങ്ങളുമാണ് ഉള്ളത്. സമഗ്ര വികസനത്തിന്റെ കാഴ്ചപ്പാടോടെ അതായത് ശാരീരികം മാനസീകം വൈകാരികം സാമൂഹികം എന്നിങ്ങനെ ലഭ്യമാകേണ്ട ആവശ്യങ്ങൾ ഉറപ്പാക്കപ്പെടുകയും പ്രായാനുസൃതമായി ആർജ്ജിക്കപ്പെടേണ്ട ശേഷികൾ നേടുന്നതിനാവശ്യമായ ഇടപെടലുകൾ നൽകുകയുമാണ് ഈ സമീപനത്തിന്റെ രീതി.

**കുട്ടികളുടെ വികാസഘട്ടങ്ങളെ താഴെ പറയും പ്രകാരം കണക്കാക്കാവുന്നതാണ്.**

| | | |
|---|---|---|
| 1. ഗർഭസ്ഥ ശിശു | – | ഗർഭാവസ്ഥയിൽ |
| 2. പ്രാഥമിക ശൈശവം | – | 0 – 1 വയസ്സ് |
| 3. ശൈശവം | – | 1 – 3 വയസ്സ് |
| 4. ആദ്യബാല്യം | – | 3 – 6 വയസ്സ് |
| 5. ബാല്യം | – | 6 – 10 വയസ്സ് |
| 6. കൗമാരം | – | 10 – 18 വയസ്സ് |

ആരോഗ്യമുള്ള പൗരർ, ഭാവിയിലെ മാതൃത്വം, സന്തോഷകരമായ ഗർഭാവസ്ഥ, സുരക്ഷിതമായ പ്രസവം, ഉത്തരവാദിത്തമുള്ള രക്ഷാകർതൃത്വം ആർജ്ജിക്കുന്നതിലേക്കുള്ള വളർച്ച എന്നിവക്ക് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന സിദ്ധാന്തമാണ് ശിശുവികസനത്തിനായുള്ള ജീവിതചക്ര സമീപനം. ഗർഭിണികൾ, കുഞ്ഞുങ്ങൾ, കൗമാരപ്രായക്കാർ എന്നിവരുടെ അടിസ്ഥാന വികസന ആവശ്യങ്ങൾ നിറവേറ്റാൻ ലക്ഷ്യമിട്ടുള്ള ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്). മാതൃശിശു ആരോഗ്യം (MCH)എന്നിവ ഇതിനായുള്ള പദ്ധതികളായിരുന്നു.

### 2. അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം


കുട്ടികളുടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം എന്നത് മനുഷ്യവികസന പ്രക്രിയയുടെ ആശയപരമായ ചട്ടക്കൂടാണ്, അത് കുട്ടികളുടെ അന്താരാഷ്ട്ര അവകാശ മാനദണ്ഡങ്ങളെ (UNCRC) അടിസ്ഥാനമാക്കിയുള്ളതും കുട്ടികളുടെ മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാക്ഷാത്കരിക്കുന്നതിനും പ്രവർത്തനപരമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

### കുട്ടികളുടെ വികസന മേഖലകൾ

കുട്ടികളുടെ വികസനം പരസ്പരബന്ധിതവും തനിമയോടെ നിരീക്ഷിക്കാവുന്നതുമായ വ്യത്യസ്ഥതലങ്ങളിൽ വ്യാപരിക്കപ്പെട്ടിരിക്കുന്നു. ശിശു വികസനത്തെ നാല് പ്രധാന മേഖലകളായി തരംതിരിക്കാം. ഓരോ വികാസ മേഖലക്കും അനുയോജ്യമായ, സഹായകമായ ഇടപെടലുകൾ ഒരുക്കുക വഴി കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കാം.

1. ശാരീരിക വികാസം
2. മാനസീക വികാസം
3. വൈകാരിക വികാസം
4. സാമൂഹിക വികാസം

**വളർച്ചയെയും വികസനത്തെയും സ്വാധീനിക്കുന്ന മാട്രിക്സ്**




## കുട്ടികളുടെ അവകാശങ്ങൾ

### 1. അതിജീവനം

എല്ലാകുട്ടികളും ആരോഗ്യത്തോടെ ജീവിച്ചിരിക്കുന്നത് ഉറപ്പാക്കാനാവശ്യമായ നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ, പോഷണമൂല്യമുള്ള ഭക്ഷണം, ശുദ്ധജലം, ശുചിത്വമുള്ള പരിസ്ഥിതി എന്നിവ ഉറപ്പാക്കുക അനിവാര്യമാണ്.

### 2. വികസനം

കുട്ടികളിൽ അന്തർലീനമായ മുഴുവൻ ശേഷികളും അതായത് കായികം, ബൗദ്ധികം, സാമൂഹികം, വൈകാരികം, എന്നീ ശേഷികൾ പൂർണ്ണമായും വികസിപ്പിക്കുന്നതിനും അവരുടെ വ്യക്തിത്വവും സാംസ്കാരിക ജീവിതവും ഉറപ്പാക്കുകയും ചെയ്യുന്ന ഇടപെടലുകൾ അനിവാര്യമാണ്.

### 3. സംരക്ഷണം

കുടുംബത്തിലോ സ്ഥാപനങ്ങളിലോ, പൊതുഇടങ്ങളിലോ, സമൂഹത്തിലോ കുട്ടികൾ നേരിടേണ്ടി വരുന്ന എല്ലാതരം അനുചിത പെരുമാറ്റങ്ങളിൽനിന്നും അതിക്രമങ്ങളിൽ നിന്നും അപായകരമായ സാഹചര്യങ്ങളിൽ നിന്നും പരിരക്ഷ ലഭിക്കാനുള്ള അവകാശമാണ് സംരക്ഷണം

### 4. പങ്കാളിത്തം

കുട്ടികളെ നേരിട്ടോ, അല്ലാതേയോ ബാധിക്കാവുന്ന ഏത് ഭരണതീരുമാന നടപടികളിലും അവരെ കൂടി പങ്കാളികളാക്കുക എന്നതാണ് ഈ അവകാശത്തിലെ ഊന്നൽ. ഉള്ളിൽ അന്തർലീനമായ കഴിവുകളെ പുറത്തുകൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്.

## എന്താണ് കുട്ടികളുടെ അവകാശങ്ങൾ?

18 വയസ്സിന് താഴെയുള്ള എല്ലാ വ്യക്തികൾക്കും രാജ്യത്തെ നിയമങ്ങളും രാജ്യം അംഗീകരിച്ച അന്താരാഷ്ട്ര നിയമങ്ങളും സംവിധാനങ്ങളും ഉറപ്പുനൽകുന്ന മാനദണ്ഡങ്ങൾക്കും അവകാശങ്ങൾക്കും സാഹചര്യങ്ങൾക്കും അർഹതയുണ്ട്.

## ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശങ്ങളും

ഇന്ത്യയിലെ പ്രായപൂർത്തിയായ ഏതൊരാളെയും പോലെ കുട്ടികൾക്കും തുല്യ പൗരരായി പരിഗണിക്കപ്പെടാനും അവകാശങ്ങളുണ്ട്

- സമത്വത്തിനുള്ള അവകാശം (ആർട്ടിക്കിൾ 14).
- വിവേചനത്തിനെതിരായ അവകാശം (ആർട്ടിക്കിൾ 15).
- പ്രത്യേക പരിഗണന ലഭിക്കാനുള്ള അവകാശം (ആർട്ടിക്കിൽ 15(3))
- വ്യക്തിസ്വാതന്ത്ര്യത്തിനും നിയമാനുസൃതമായ നടപടിക്രമത്തിനുമുള്ള അവകാശം (ആർട്ടിക്കിൾ 21).
- കടത്തിക്കൊണ്ടു പോകുന്നതിൽ നിന്നും നിർബന്ധിത തൊഴിലുകളിൽ നിന്നും സംരക്ഷിക്കപ്പെടാനുള്ള അവകാശം (ആർട്ടിക്കിൾ 23)
- സാമൂഹിക അനീതിയിൽ നിന്നും എല്ലാത്തരം ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടാനുള്ള ദുർബല വിഭാഗങ്ങളുടെ അവകാശം (ആർട്ടിക്കിൾ 46).
- 6–14 വയസ് പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം (ആർട്ടിക്കിൾ 21 എ – 2009 ആർടിഇ).
- 14 വയസ്സ് വരെ അപകടകരമായ തൊഴിലിൽ നിന്ന് സംരക്ഷിക്കപ്പെടാനുള്ള അവകാശം (ആർട്ടിക്കിൾ 24)
- അവരുടെ പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത തൊഴിലുകളിൽ പ്രവേശിക്കാൻ സാമ്പത്തിക ആവശ്യം മൂലം ദുരുപയോഗം ചെയ്യപ്പെടാതെയും നിർബന്ധിതരാകാതെയും സംരക്ഷിക്കപ്പെടുന്നതിനുള്ള അവകാശം (ആർട്ടിക്കിൾ 39(ഇ)).
- ആരോഗ്യകരമായ രീതിയിലും സ്വാതന്ത്ര്യത്തിലും അന്തസ്സിലും വികസിക്കാനുള്ള തുല്യ അവസരങ്ങൾക്കും സൗകര്യങ്ങൾക്കുമുള്ള അവകാശം, ചൂഷണത്തിനെതിരെയും ധാർമ്മികവും ഭൗതികവുമായ ഉപേക്ഷിക്കലിനെതിരെയും ബാല്യത്തിന്റെയും യുവത്വത്തിന്റെയും സംരക്ഷണം ഉറപ്പുനൽകുന്ന (ആർട്ടിക്കിൾ 39 (എഫ്)).

- ബാലനീതി നിയമം 2015

## കുട്ടികളുടെ അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്ര കൺവെൻഷൻ ( UNCRC) 1989

- ഭാഗം ഒന്ന് (ആർട്ടിക്കിൾ 1 – 41) എല്ലാ കുട്ടികളുടെയും അവകാശങ്ങൾ, തത്വങ്ങൾ, നിലവാരങ്ങൾ, ലക്ഷ്യങ്ങൾ എന്നിവയുടെ ചട്ടക്കൂട് പ്രതിപാദിക്കുന്നു.
- ഭാഗം രണ്ട് (ആർട്ടിക്കിൾ 42 – 45) കൺവെൻഷന്റെ നിരീക്ഷണത്തിനും നടപ്പാക്കലിനും വേണ്ടി നൽകുന്നു.
- ഭാഗം മൂന്ന് (ആർട്ടിക്കിൾ 46 – 54) പ്രാബല്യത്തിൽ വരുന്നതിനുള്ള ക്രമീകരണങ്ങൾ ഉൾക്കൊള്ളുന്നു.

## കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷൻ

കുട്ടികൾ ഉൾപ്പെടെ, പ്രായഭേദമന്യേ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ് മനുഷ്യാവകാശം. എന്നിരുന്നാലും, അവരുടെ പ്രത്യേക പദവി കാരണം – കുട്ടികൾക്ക് മുതിർന്നവരിൽ നിന്ന് അധിക സംരക്ഷണവും മാർഗനിർദേശവും ആവശ്യമാണ് – കുട്ടികൾക്കും അവരുടേതായ ചില പ്രത്യേക അവകാശങ്ങളുണ്ട്. ഇവയെ കുട്ടികളുടെ അവകാശങ്ങൾ എന്ന് വിളിക്കുന്നു, അവ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് യുഎൻ കൺവെൻഷനിൽ (സിആർസി) പ്രതിപാദിച്ചിട്ടുണ്ട്.

## കുട്ടികളുടെ അവകാശങ്ങൾക്കായുള്ള യുഎൻ കൺവെൻഷന്റെ (CRC) സുപ്രധാന സവിശേഷതകൾ

- 18 വയസ്സുവരെയുള്ള എല്ലാ വ്യക്തികളും (വിവാഹിതരാണെങ്കിലും, കുട്ടികൾ ഉണ്ടെങ്കിലും ) (UNCRC) വിഭാവനം ചെയ്യുന്ന അവകാശങ്ങൾക്ക് അർഹരാണ്.
- 'കുട്ടിയുടെ ഉത്തമ താൽപ്പര്യം', 'വിവേചനരഹിതമായ പരിഗണന, 'കുട്ടിയുടെ കാഴ്ചപ്പാടുകളോടുള്ള ബഹുമാനം' എന്നീ തത്വങ്ങളാൽ നയിക്കപ്പെടുന്നു.
- കുടുംബത്തിന്റെ പ്രാധാന്യവും കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വികാസത്തിനും അനുകൂലമായ അന്തരീക്ഷവും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ഇത് ഊന്നിപ്പറയുന്നു.

കുട്ടികൾക്ക് സമൂഹത്തിൽ ന്യായവും നീതിയുക്തവുമായ പരിഗണന ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ ബഹുമാനിക്കപ്പെടുന്നുണ്ടെന്നും ഇത് ഭരണകൂടത്തെ ബാധ്യസ്ഥമാക്കുന്നു

## അവകാശങ്ങളുടെ "നാല് ക്ലസ്റ്ററുകൾ" (ഡൊമെയിൻ)

1. **അതിജീവന അവകാശങ്ങൾ:** ജീവൻ നിലനിർത്താനും വളർച്ചക്കും പരിചരണത്തിനും ഉള്ള അടിസ്ഥാന പരമായ അവകാശങ്ങൾ
2. **വികസന അവകാശങ്ങൾ:** കുട്ടികളിൽ അന്തർലീനവും സാധ്യവുമായ അവരുടെ മുഴുവൻ കഴിവുകളും വികസിപ്പിക്കുന്നതിനുള്ള സേവനാവകാശങ്ങൾ
3. **സംരക്ഷണ അവകാശങ്ങൾ:** എല്ലാത്തരം അവഗണനകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും കുട്ടികൾക്ക് അർഹമായ സംരക്ഷണം ഉറപ്പാക്കൽ

4. **പങ്കാളിത്ത അവകാശങ്ങൾ:** കുട്ടികളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പങ്കെടുക്കാനും, നേതൃപാടവം, വ്യക്തിത്വം എന്നിവ വികസിപ്പിക്കുന്നതിനും സാധ്യത ഉറപ്പ് വരുത്തുന്ന അവകാശങ്ങൾ

## കുട്ടികളുടെ സംരക്ഷണത്തിനായുള്ള ഇന്ത്യൻ നിയമങ്ങൾ

- മൈൻസ് ആക്ട് 1952
- ഫാക്ടറി നിയമം 1954
- ഹിന്ദു അഡോപ്ഷൻ ആൻഡ് മെയിന്റനൻസ് ആക്ട് 1956
- പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് 1958
- അനാഥാലയങ്ങളും മറ്റ് ചാരിറ്റബിൾ ഹോമുകളും (മേൽനോട്ടവും നിയന്ത്രണവും) നിയമം 1960
- ജനന-മരണ രജിസ്ട്രേഷൻ നിയമം 1969
- ബോണ്ടഡ് ലേബർ സിസ്റ്റം (അബോലിഷൻ) നിയമം 1976
- ശൈശവ വിവാഹം, നിയന്ത്രണ നിയമം 1979 – 2006
- ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ട് 1986
- ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986
- നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് 1987 ലെ അനധികൃത കടത്ത് തടയൽ
- പ്രി-നാറ്റൽ ഡയഗ്നോസ്റ്റിക് ടെസ്റ്റ് (നിയന്ത്രണവും ദുരുപയോഗം തടയലും) നിയമം 1994
- ഭിന്നശേഷിക്കാരായ വ്യക്തികൾ (അവകാശങ്ങളുടെ തുല്യ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമം 2000
- ജുവനൈൽ ജസ്റ്റിസ് നിയമം 2015
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കമ്മീഷനുകൾ നിയമം 2005
- വിദ്യാഭ്യാസ അവകാശ നിയമം 2009
- കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം തടയൽ നിയമം 2012 (പോക്സോ)

## കുട്ടികളുടെ പ്രധാന പരിരക്ഷാ നിയമങ്ങൾ

### കുട്ടികൾക്കായുള്ള ദേശീയ ചാർട്ടർ

കുട്ടികൾക്കായുള്ള അന്തർദേശീയ പ്രഖ്യാപനം പൂർണ്ണമായും ഉറപ്പുവരുത്തണം എന്ന ഉദ്ദേശത്തോടെ 2004 ഫെബ്രുവരി 9 ന് കുട്ടികൾക്കായുള്ള ദേശീയ ചാർട്ടർ (2003) പ്രസിദ്ധീകരിക്കപ്പെട്ടു. എല്ലാ കുട്ടികൾക്കും ആരോഗ്യകരമായ വളർച്ചയും വികാസവും ഉറപ്പ് വരുത്തുന്നതോടൊപ്പം കുട്ടികളെ എല്ലാ വിധ ദുരുപയോഗങ്ങളിൽ

നിന്നും പരിരക്ഷിക്കുന്നതിനും കുടുംബസംവിധാനം ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ മനസാക്ഷി ഉയർത്തികൊണ്ട് വരുവാൻ ഈ നിയമം വിഭാവനം ചെയ്യുന്നു. ഈ നിയമത്തിന്റെ ഭാഗമായിട്ടാണ് ബാലാവകാശ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.

### ബാലനീതി നിയമം 2015 – കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും

നാളിതുവരെ നിലനിന്നിരുന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്ര നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾകൊണ്ട്കൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ ബാലനീതി നിയമം സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി എന്നിങ്ങനെ പ്രത്യേക പരിഗണനവേണ്ട കുട്ടികളെ രണ്ടായി തരം തിരിക്കുകയും ചെയ്യുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ഈ നിയമം അനുശാസിക്കുന്നു. ദത്തെടുക്കൽ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നിവക്ക് വേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ, സ്പെഷൽ ഹോം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

### ലൈംഗീക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act 2012)

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ ഒരു നിയമമാണിത്. ലൈംഗീക അക്രമങ്ങൾ, ലൈംഗീക പീഢനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിലും അങ്ങിനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണക്കുവേണ്ടി സ്പെഷൽ കോടതികൾ സ്ഥാപിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം. കുട്ടികളെ നിയമവിരുദ്ധമായി ലൈംഗീക കൃത്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുക, വേശ്യാവൃത്തിക്കോ, മറ്റു നിയമ വിരുദ്ധ ലൈംഗീക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ഉപയോഗിക്കുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമം സർക്കാർ പ്രാബല്ല്യത്തിൽ വരുത്തിയത്.

### ശൈശവ വിവാഹ നിരോധന നിയമം – 2006

2006 ലെ ശൈശവ നിരോധന നിയമം 01.11.2007 മുതൽ ജമ്മു – കാശ്മീർ സംസ്ഥാനം ഒഴികെയുള്ള ഇന്ത്യ രാജ്യത്ത് മുഴുവൻ ബാധമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മേൽ നിയമപ്രകാരം 21 വയസ്സ് പൂർത്തിയാകാത്ത പുരുഷനും 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയും തമ്മിലുള്ള വിവാഹം കുറ്റകരമായി പ്രഖ്യാപിച്ചിരുന്നു. 21 വയസ്സിന് താഴെയുള്ള പുരുഷനോ 18 വയസ്സിന് താഴെയുള്ള സ്ത്രീയോ , ഏതെങ്കിലും ഒരാൾ ഏർപ്പെടുന്ന വിവാഹത്തെയാണ് ശൈശവ വിവാഹമായി നിർവ്വചിച്ചിരിക്കുന്നത്.

## ബാല – കൗമാരവേല (നിരോധനവും നിയന്ത്രണവും) നിയമം - 1986

ഈ നിയമപ്രകാരം ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള തൊഴിലോ സംസ്കരണ പ്രവർത്തനങ്ങളിലോ പങ്കെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ നിയമത്തിൽ കാണിച്ച പട്ടികയിൽ വിവരിച്ച കഠിന ജോലിയല്ലാത്തതും തന്റെ കുടുംബത്തേയോ കുടുംബത്തിന് പങ്കാളിത്തമുള്ള സംരഭത്തലോ സ്കൂൾ സമയമല്ലാത്തപ്പോഴും ഒഴിവ് ദിവസങ്ങളിലും സഹായിക്കുന്നതിന് ഈ നിയമപ്രകാരം കുറ്റകരമല്ല. കൂടാതെ സർക്കസ്സല്ലാത്ത, ഓഡിയോവിഷ്വൽ സംരംഭത്തിലോ , സ്പോർട്ടസ് പ്രവർത്തനത്തിലോ, ഫിലിം തുടങ്ങിയ സംരംഭത്തിലോ ഒരു കലാകാരനായി ജോലി ചെയ്യുന്നതും ഈ നിയമപ്രകാരം കുറ്റകരമല്ല. എന്നാൽ ഇത്തരം യാതൊരു പ്രവർത്തനവും കുട്ടിയുടെ സ്കൂൾ പഠനത്തെ ബാധിക്കുവാൻ പാടില്ല.

## ഗർഭസ്ഥശിശു പരിശോധന നിയമം (PCPNDT Act) 2003

കുട്ടികളുടെ ലിംഗാനുപാതത്തിൽ ഗണ്യമായ കുറവിന് കാരണമായി ചൂണ്ടികാണിക്കുന്നത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഗർഭസ്ഥശിശു പരിശോധന വഴി ഭ്രൂണത്തിന്റെ ലിംഗം തിരിച്ചറിഞ്ഞ് പെൺകുഞ്ഞാണെങ്കിൽ ഗർഭഛിദ്രം നടത്തുന്ന ദുഃഷ്പ്രവണതയാണ്. ഇത്തരം ദുരുപയോഗം ഒഴിവാക്കുന്നതിനായി ഭാരത സർക്കാർ ഗർഭസ്ഥ ശിശു പരിശോധന നിയമം ( വ്യവസ്ഥകളും നിയന്ത്രണങ്ങളും 2003 (PCPNDT Act 2003) പാസായിട്ടുണ്ട്.

### എല്ലാ കുട്ടികൾക്കും അവകാശങ്ങളുണ്ട്

**എല്ലാ കുട്ടികൾക്കും – എല്ലാ സമയത്തും എല്ലാ സാഹചര്യങ്ങളിലും എല്ലായിടത്തും അവരുടെ കഴിവുകൾ വികസിപ്പിക്കപ്പെടുന്നതിനും സംരക്ഷണത്തിനും അവകാശമുണ്ട്.**

*ബഹുമാനിക്കുക–അംഗീകരിക്കുക–സംരക്ഷിക്കുക– തിരിച്ചറിയുക*

അദ്ധ്യായം 3

# കുട്ടികളും തദ്ദേശഭരണ സ്ഥാപനങ്ങളും

കുട്ടികളുടെ സംരക്ഷണത്തിലും പോഷണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. ജനങ്ങളുമായി അടുത്ത് ഇടപഴകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമൂഹം കുട്ടികളോട് എങ്ങിനെ പെരുമാറുന്നു അവരുടെ പ്രശ്നങ്ങൾ തുടങ്ങിയ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാകും. 73 ഭരണഘടനാ ഭേദഗതിയുടെ 11ാം ഷെഡ്യൂളിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട 29 ചുമതല പ്രവർത്തനങ്ങളിൽ ഒന്നാണ് സ്ത്രീകളുടെയും കുട്ടികളുടെയും വികസനം. 74ാം ഭരണഘടനയിലും ഭേദഗതിയിലും ഇതോടൊപ്പം ചുമതലകൾ പറയുന്നുണ്ട്. ഭരണഘടനയുടെ 11, 12 ഷെഡ്യൂളിൽ (ആർട്ടിക്കിൾ–243 ജി 243 W) ലിസ്റ്റ് ചെയ്തിരിക്കുന്ന കാര്യങ്ങൾക്കായി സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കാനും സ്കീമുകൾ നടപ്പിലാക്കാനും പ്രവർത്തനങ്ങൾ നിർവഹിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകണം എന്ന് പ്രഖ്യാപിക്കുന്നു. തദ്ദേശഭരണ സ്ഥാപനം നിർബന്ധമായി രൂപീകരിക്കേണ്ട സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ഒന്നാണ് ക്ഷേമകാര്യം. ജാതി–മത–ഭാഷാ–ലിംഗ വിവേചനങ്ങൾ ഇല്ലാതെ നിലവിലുള്ള നിയമങ്ങളും പദ്ധതികളും കുട്ടികൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് കൂടുതൽ സാധ്യമാവുക

## ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ എങ്ങിനെ കഴിയും

- 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള പോഷകാഹാരം ഉറപ്പാക്കുക
- ഐസിഡിഎസിന്റെയും ആരോഗ്യ കേന്ദ്രങ്ങളുടെയും സേവനങ്ങൾ നിരീക്ഷിക്കുക
- അങ്കണവാടികളിലും സ്കൂളുകളിലും ന്യൂട്രി ഗാർഡൻ പ്രോത്സാഹിപ്പിക്കുക
- കുട്ടികൾക്കിടയിലെ വളർച്ച മുരടിപ്പ് നിരീക്ഷിക്കുന്നതിനും കുട്ടികൾക്ക് പതിവായി പ്രതിരോധ മരുന്നുകൾ നൽകുന്നത് ഉറപ്പാക്കുന്നതിനും ആരോഗ്യ ക്യാമ്പ് സംഘടിപ്പിക്കുക സകലിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക
- സ്കൂളിൽ സുരക്ഷിതമായ കുടിവെള്ളവും കൈ കഴുകുന്നതിനുള്ള സംവിധാനവും ഉറപ്പാക്കുക
- ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുക
- എല്ലാത്തരം അക്രമങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുക

- ശൈശവ വിവാഹം നടക്കുന്നില്ലെന്ന് ഉറപ്പാക്കുക
- ബാലവേലയുടെ കേസുകൾ കുറയ്ക്കുകയും കുടിയേറ്റം നിരീക്ഷിക്കുകയും ചെയ്യുക
- വികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ബാലസഭ, കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിക്കുക
- പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവയുള്ള കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും പദ്ധതികൾ വികസിപ്പിക്കുകയും ചെയ്യുക. യഥാസമയം ഗുണനിലവാരമുള്ള സേവനം നൽകുന്നതിനായി എല്ലാ സേവനദാതാക്കളെയും/ഡിപ്പാർട്ട്മെന്റൽ പ്രവർത്തകരെയും പിന്തുണയ്ക്കുകയും സേവനം ഉറപ്പു വരുത്തുകയും ചെയ്യുക
- കുട്ടികൾക്കായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി മാനേജ്മെന്റ് സമിതികൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക
- ചെലവ് ഇല്ലാത്തതും/കുറഞ്ഞതുമായ പ്രവർത്തനങ്ങൾ വഴി പൗരവിദ്യാഭ്യാസം നടപ്പിലാക്കുക (ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക, വർക്ക്ഷോപ്പ്, ടോക്ക് ഷോ, റാലികൾ, ചുവർ ചിത്രരചന/എഴുത്ത്, വീഡിയോ)
- കുട്ടികൾക്കായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കുകയും ആവശ്യമായ പിൻതുണ നൽകുകയും ചെയ്യുക
- ചൈൽഡ്‌ലൈൻ–1098 (24 X 7) സംബന്ധിച്ച് സമൂഹത്തെ പ്രത്യേകിച്ച് കുട്ടികളെ ബോധവാന്മാരാക്കുക

**ബഹുമാനം:** നിയമപരമായ നിർദ്ദേശങ്ങൾ സേവന പരിപാടിയിലെ ചട്ടക്കൂടിൽ പ്രതിഫലിക്കുന്ന വിധം കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾമതിയായ നടപടികൾ കൈക്കൊള്ളണം. ഉദാഹരണത്തിന്, സർക്കാർ ശാരീരിക ശിക്ഷ നിരോധിക്കുകയും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ ശിശുസൗഹൃദ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് ജീവനക്കാർക്ക് പരിശീലനം ലഭ്യമായിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണം.

**പരിരക്ഷ:** ഒരു കക്ഷിയുടേയും ഒരു തരത്തിലുമുള്ള ഇടപെടലിന് സാധ്യത നൽകാതെ കുട്ടികളുടെ അവകാശങ്ങൾ വിവേചനങ്ങളില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. ഉദാഹരണത്തിന്, സ്കൂളുകളിൽ പൊതുവായോ സ്വകാര്യമായോ ഉള്ള ശാരീരിക ശിക്ഷ ക്രിമിനൽ കുറ്റമാക്കുകയും നിയമം നടപ്പിലാക്കുകയും ചെയ്യണം.

**തിരിച്ചറിയൽ:** ഒരു വ്യക്തിയുടെ അവകാശം നിറവേറ്റപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ പുരോഗമനപരമായ, ബോധപൂർവമായ നടപടി സ്വീകരിക്കുന്നു. ഉദാഹരണത്തിന്, എല്ലാ കുട്ടികകൾക്കും ജനന രജിസ്ട്രേഷനും ആധാർ കാർഡും ഉറപ്പാക്കപ്പെടുന്നു.

**പ്രോത്സാഹനം:** വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അവകാശങ്ങളെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ സന്ദർശനങ്ങൾ സഹായങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നു. സ്കൂളിലും ഗ്രാമത്തിലും കുട്ടികളുടെ കൂട്ടായ്മകളുടെ രൂപീകരണവും ശേഷി വികസനവും ഉറപ്പു വരുത്തുന്നു.

## കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- പോഷകാഹാര പ്രശ്നങ്ങൾ
- ആരോഗ്യ പ്രശ്നങ്ങൾ
- വിദ്യാഭ്യാസത്തിന്റെ അഭാവം, കൊഴിഞ്ഞ് പോക്ക്
- ബാല വിവാഹം
- അതിക്രമം – ശാരീരിക മാനസീക ലൈഗീക ചൂഷണം, ദുരുപയോഗം
- വൈകല്യങ്ങൾ
- ബാലവേല
- അതിജീവന പ്രശ്നങ്ങൾ

## കുട്ടികൾകളെ പ്രതികൂലമായി ബാധിക്കാവുന്ന സാഹചര്യങ്ങൾ

1. അമ്മയുടെ ഗർഭകാലം, പ്രസവം
2. ജനനാനന്തര പരിശോധനകൾ
3. പോഷണ സുരക്ഷ
4. ശൈശവകാല പരിരക്ഷ
5. ശൈശവകാല വിദ്യാഭ്യാസം
6. പൊതുവിദ്യാഭ്യാസം
7. അതിക്രമങ്ങൾ
8. കാണാതാകൽ
9. തട്ടികൊണ്ട് പോകൽ
10. മയക്കുമരുന്ന്
11. ലൈംഗീകാതിക്രമങ്ങൾ

## കുട്ടികൾ നേരിടുന്ന പൊതു പ്രശ്നങ്ങൾ

- രോഗവും – ആരോഗ്യവും
- വളർച്ചയും – പോഷണവും
- വികാസവും – വിദ്യാഭ്യാസവും
- കൗമാരമാനസീക ആരോഗ്യം
- പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾ
- പട്ടികജാതി – വർഗ പാർശ്വവൽകൃത സമൂഹം

- ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ
- പരിസ്ഥിതി, ശുചിത്വം, കുടിവെള്ളം, ഗതാഗതം
- സമഗ്രവികസന കാഴ്ചപാടിന്റെ അഭാവം
- സേവനങ്ങളുടെ ഗുണമേന്മ

## രണ്ടാം തലമുറ പ്രശ്നങ്ങൾ

രക്ഷിതാക്കളുടെ മദ്യപാനം – കുടുംബ സംഘർഷങ്ങൾ

കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാന മയക്കമരുന്ന് ശീലങ്ങൾ

മാനസീക ആരോഗ്യകുറവ് – ആത്മഹത്യാ പ്രവണത

മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം

വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

ആത്മഹത്യ – മാതാപിതാക്കളുടെ വിവാഹമോചനം

പ്രവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഢനവും

ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ പ്രശ്നങ്ങൾ

## ബാലസൗഹൃദ തദ്ദേശഭരണ പ്രദേശം

- തദ്ദേശഭരണ സ്ഥാപനങ്ങൾ കുട്ടികളോട് ഏറ്റവും അടുത്തുനിൽക്കുന്ന ഭരണത്തിന്റെ ആദ്യ ഘടകമാണ്, അതിനാൽ അവരുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായകരമായിരിക്കും.
- കുട്ടികളുടെ അവകാശ പ്രഖ്യാപന രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള കുട്ടികളുടെ എല്ലാ അവകാശങ്ങളും ക്രമാനുഗതമായി സാക്ഷാത്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്ന തത്വവും പ്രയോഗവുമാണ് ബാലസൗഹൃദ പ്രാദേശിക ഭരണം.
- ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ശുചിത്വം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം, സാമൂഹിക സംരക്ഷണം, തുടങ്ങിയ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുനൽകുന്നതിനുള്ള ഒരു സമീപനമാണിത്.
- ബാലസൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അംഗീകാരം (അവാർഡ്) നൽകുന്നതിന് കേന്ദ്ര സർക്കാർ പഞ്ചായത്തീരാജ് മന്ത്രാലയം (MoPR) നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇത്തരം ശ്രമങ്ങൾക്കുള്ള അംഗീകാരം കൂടിയാണ്

## ബാലസൗഹൃദ തദ്ദേശഭരണ പ്രദേശങ്ങൾ സമീപനങ്ങളും രീതിശാസ്ത്രവും

- കുട്ടികളുടെ ആവശ്യങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണം

- ബാലസൗഹൃദ തദ്ദേശഭരണത്തിനായുള്ള ലക്ഷ്യങ്ങൾ സ്ഥാപിക്കൽ
- പ്രവർത്തന പദ്ധതി സജ്ജീകരിക്കുന്നു
- നടപ്പാക്കൽ, നിരീക്ഷണം, വിലയിരുത്തൽ
- സ്വയം വിലയിരുത്തൽ
- സോഷ്യൽ ഓഡിറ്റ്

## തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വകയിരുത്തലില്ലാത്ത പ്രവർത്തനങ്ങൾ

- ഗർഭിണികളുടെ രജിസ്ട്രേഷനും വാക്സിനേഷനും
- കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പ്
- അങ്കണവാടി, സ്കൂൾ, ഗാർഹിക തലങ്ങളിൽ സുരക്ഷിതമായ കുടിവെള്ളവും ശുചിത്വ സൗകര്യങ്ങളും
- ഗ്രാമ ആരോഗ്യ ശുചിത്വ പോഷകാഹാര ദിനം (VHSND) പതിവായി നടത്തുക
- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ എസ്എച്ച്ജി, സിബിഒ കൾ എന്നിവരുമായി ബോധവൽക്കരണ പരിപാടികൾ നടത്തുക
- സ്കൂൾ, അങ്കണവാടി , ഗാർഹിക തലങ്ങളിൽ പോഷകത്തോട്ടം പ്രോത്സാഹിപ്പിക്കുക

## ആസൂത്രണ മാർഗരേഖ നിർദ്ദേശങ്ങളിലുള്ള ഇടപെടലുകൾ

കുട്ടികളുടെ സംരക്ഷണം

വിദ്യാഭ്യാസം

പോഷകാഹാരവും ആരോഗ്യവും

കുട്ടികളുടെ ബജറ്റ്

ശുദ്ധജലവും ശുചിത്വവും

പ്രകൃതി ദുരന്തങ്ങൾ

സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവൽക്കരിക്കുക

## അനിവാര്യതയും സാധ്യതയും

വിവിധ തരത്തിൽ സമൂഹത്തിന്റെ പിന്നാംമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവർ പരാശ്രയം വേണ്ടവർ കുട്ടികൾ എന്നിവരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി കൂട്ടായ ശ്രമങ്ങളിലൂടെ പരിഹരിക്കാൻ ഉചിതമായ സംവിധാനം ഒരുക്കലാണ് പ്രാദേശിക സർക്കാരുകളുടെ സാധ്യതകൾ. ഗർഭസ്ഥശിശു മുതൽ 18 വയസ്സുവരെയുള്ളവരെയാണ് കുട്ടികൾ എന്ന് നാം നിർവ്വചിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക അതോടൊപ്പം ആവശ്യമായ സേവനങ്ങളും സൗകര്യങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കേരളത്തിലെ കുട്ടികൾ നേരിടുന്ന വിവധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്ര വികസന സമീപനം

തദ്ദേശസർക്കാർ രൂപീകരിക്കേണ്ടതുണ്ട്.

## പ്രശ്ന പരിഹാരങ്ങൾ ത്വരിതപ്പെടുത്തുക

കുട്ടികളുടെ പ്രശ്നങ്ങൾ വിവിധ രേഖകളുടെ പരിശോധന വഴിയും ഗ്രാമസഭ നിർദ്ദേശങ്ങൾ വഴിയും കണ്ടെത്താനും വിപുലപ്പെടുത്താനും കഴിയും. ഈ പ്രശ്നങ്ങളുടെ ഒരു കാരണം പല സന്ദർഭങ്ങളിലും ലഭ്യമായ സേവനങ്ങൾ 100 ശതമാനവും ഉപയോഗിക്കപ്പെടാത്ത സാഹചര്യങ്ങളാണ്. എന്നാൽ രണ്ടാം തലമുറ പ്രശ്നങ്ങൾ മുൻ കാലങ്ങളിലുണ്ടായിരുന്ന പദ്ധതികളുടേയും പരിപാടികളുടേയും പരിധിക്ക് പുറത്താണെന്ന് നമ്മുക്ക് കാണാം. ലഭ്യമായ ഇടപെടലുകൾ ഉദാഹരണത്തിന് മയക്കുമരുന്ന് ദുരുപയോഗം എക്സൈസ് വകുപ്പിന്റേയും ഇന്റർനെറ്റ് ദുരുപയോഗം സൈബർ പോലീസിന്റേയും സഹായത്തോടെ ലഘൂകരിക്കാൻ കഴിയും. കുടുംബ സംഘർഷങ്ങളാകട്ടെ കൗൺസലിംഗ് ഡൊമസ്റ്റിക് വയലൻസ് നിയമങ്ങൾ, പോക്സോ നിയമങ്ങൾ തുടങ്ങിവ ഉപയോഗിച്ചും മാറ്റം വരുത്താം. എന്നാൽ പൊതു പ്രശ്നങ്ങളിൽ നിന്നും ഭിന്നമായി ഈക്കാര്യങ്ങൾ ഒരു വിഭാഗത്തേയോ ചില മേഖലകളേയോ മാത്രമായി ബാധിക്കുന്നതുകൊണ്ട് പലപ്പോഴും യഥാർത്ഥ പ്രശ്നമായി കണക്കാക്കപ്പെടാത്ത ഒരു പ്രവണത നമ്മുക്ക് കാണാം. ഇത്തരം പ്രശ്നങ്ങളെ ഒറ്റപ്പെട്ട പ്രശ്നങ്ങളായി കണക്കാക്കാതെ വിപുലമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതും സുസ്ഥിരതയെ ബാധിക്കുന്നതുമാണെന്നുള്ള തിരിച്ചറിവോടെ ഇടപെടലുകൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

അദ്ധ്യായം 4

# എന്താണ് ബാലസൗഹൃദ പ്രാദേശിക ഭരണം

മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പു വരുത്തുക എന്നതാണ് കുട്ടികളെ സംബന്ധിച്ച ദേശീയ കാഴ്ചപാട്. കുട്ടികൾ രാജ്യത്തിന്റെ അമൂല്യ സമ്പത്തും, ശ്രേയസ്കരമായ നിധിയുമാണെന്ന് കുട്ടികൾക്കായുള്ള ദേശീയ നയം പ്രഖ്യാപിക്കുന്നു. ലോക ജനസംഖ്യയിലെ 24 ശതമാനത്തോളം കുട്ടികളാണ് എങ്കിൽ ഇന്ത്യയിൽ ഇത് 39 ശതമാനമാണ്. കേരളത്തിലെ കുട്ടികളുടെ ജനസംഖ്യ 30 ശതമാനം വരും (2011 സെൻസസ്).

## കുട്ടികൾക്കായുള്ള കർമ്മപദ്ധതി – തദ്ദേശഭരണ സ്ഥാപനതലത്തിൽ

കുട്ടികൾക്കായുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ദേശീയ – സംസ്ഥാനതലത്തിൽ കുട്ടികൾക്കായുള്ള കർമ്മപദ്ധതി രൂപപ്പെടുത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തുകളുടെ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാകണം ബ്ലോക്ക് ജില്ലാപഞ്ചായത്തിന്റെ കർമ്മപദ്ധതി രൂപപ്പെടുത്തുവാൻ. തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ബാലസൗഹൃദജില്ലാ പദ്ധതിയും, പുഴക്കൽ ബ്ലോക്കിന്റെ ബാലസൗഹൃദ ബ്ലോക്ക് കർമ്മപദ്ധതിയും ഈ രംഗത്ത് മാതൃകകളാണ്.

## ബാലസൗഹൃദമെന്നാൽ

സൗഹൃദം എന്ന വാക്കിന്റെ അർത്ഥം – ആദരണീയമായ, സ്വാഗതാർഹമായ പെരുമാറ്റം എന്നൊക്കെയാണ്. കുട്ടികളെ ആദരവോടെ, ബഹുമാനത്തോടെ – അവരുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ബാലസൗഹൃദം. കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ഈ ഭരണപ്രക്രിയയിലെ അനിവാര്യഘടകമാണ്. ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം, പങ്കാളിത്തത്തിനുള്ള അവസരങ്ങൾ തുടങ്ങി അവർക്ക് അവകാശപ്പെട്ട എല്ലാ അവകാശങ്ങളും ലഭ്യമാക്കുന്ന ഒരു സമീപനമാണിത്. കുട്ടികൾക്ക് മുന്തിയ പരിഗണന നൽകികൊണ്ട് അവർക്കനുയോജ്യമായ ലോകക്രമം രൂപപ്പെടുത്തുക എന്ന ലക്ഷ്യം എല്ലാ അന്തർദേശീയ,

ദേശീയ കാഴ്ചപാടുകളും വ്യക്തമാക്കുന്നു. കുട്ടികളുടെ വികസന മികവിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. കുട്ടികൾക്ക് ആരോഗ്യകരമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം ഉറപ്പാക്കുക എന്നതാണ് സാമൂഹിക വികസനത്തിന്റെ അടിസ്ഥാനം. കേരളത്തിലെ പഞ്ചായത്തീരാജ് നിയമവും വികേന്ദ്രീകൃത ആസൂത്രണ മാർഗരേഖയും കുട്ടികൾക്കായി കാര്യക്ഷമമായ പ്രോജക്ടുകൾക്കും, വകയിരുത്തലുകൾക്കും അവസരം നൽകിയിട്ടുണ്ട്. ഈ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബാലസൗഹൃദ പ്രാദേശികഭരണ സമീപനം വഴിയും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വഴിയും സാധ്യമാകേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

വികസന രംഗത്തെ അവകാശത്തിന്റെ ചട്ടക്കൂട്ടിൽ കാണുന്ന ഒരു പ്രക്രിയയാണ് ഇന്ന് സ്വീകരിച്ചുപോരുന്നത്. കുട്ടികളും പൗരരാണ് എന്ന കാഴ്ചപാടോടുകൂടി അവരുടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ഇതിന്റെ കാതൽ. സർവ്വദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുക അനിവാര്യമാണ്. എല്ലാ കുട്ടികൾക്കും ജനിക്കാനും എല്ലാ സാധ്യതകളോടുകൂടി ജീവിക്കാനും ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതാണ് അതിജീവനാവകാശം. ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണം, പോഷണഗുണമുള്ള ഭക്ഷണം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, വൃത്തിയുള്ള അന്തരീക്ഷം എന്നിവ ഉറപ്പാക്കപ്പെടലാണ് വികസനാവകാശം ലക്ഷ്യം വെക്കേണ്ടത്. എല്ലാതരത്തിലുള്ള ദുരുപയോഗങ്ങളും തടയലാണ് സംരക്ഷണാവകാശം വിഭാവനം ചെയ്യുന്നത്. പങ്കാളിത്താവകാശമെന്നാൽ കുടുംബത്തിലോ, വിദ്യാലയത്തിലോ, സമൂഹത്തിലോ, ഭരണനടപടിക്രമത്തിലോ കുട്ടികൾക്ക് വേണ്ടി ഏറ്റെടുക്കുന്നതും അവരെ ബാധിക്കുന്നതുമായ എല്ലാ തീരുമാനങ്ങളിലും കുട്ടികൾക്ക് പങ്കാളികളാകാനും അവരുടെ വിനോദവും കളികളും വഴി കായിക സാംസ്കാരിക നിലവാരവും, നേതൃത്വ പാടവവും ഉറപ്പാക്കപ്പെടുകയാണ് ഈ അവകാശത്തിന്റെ ലക്ഷ്യം.

## ബാലസൗഹൃദ സമീപനം

- കുട്ടികൾക്കുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണം (AWC, PHC, SCHOOL, BUDS പ്രി മെട്രിക് ഹോസ്റ്റൽ)
- ബാലസൗഹൃദ പൊതുഇടങ്ങളുടെ മേന്മവൽക്കരണം
- കുട്ടികൾക്കായുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ –കുമാരിക്ലബ്ബ്, ബാലസഭ, ജാഗ്രത സമിതി, കുട്ടികളുടെ ഗ്രാമസഭ
- സേവനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കൽ
- നിയമപരിരക്ഷകൾ പൂർണ്ണമായും പാലിക്കുക

## രീതിശാസ്ത്രം

- കുട്ടികളുടെ ആവശ്യങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണം
- ബാലസൗഹൃദ തദ്ദേശഭരണത്തിനായുള്ള ലക്ഷ്യങ്ങൾ സ്ഥാപിക്കൽ
- പ്രവർത്തന പദ്ധതി സജ്ജീകരിക്കുന്നു
- നടപ്പാക്കൽ, നിരീക്ഷണം, വിലയിരുത്തൽ

- സ്വയം വിലയിരുത്തൽ
- സോഷ്യൽ ഓഡിറ്റ്

## തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന ഇടപെടൽ സാധ്യതകൾ

- അനിവാര്യ വകയിരുത്തലുകൾ ഉറപ്പാക്കുക
- കുട്ടികൾക്ക് ലഭ്യമായ സബ്സിഡി ആനുകൂല്യങ്ങൾ ഉറപ്പാക്കുക
- ഉപപദ്ധതികൾ ഘടകപദ്ധതികൾ
- വകുപ്പ്തല സ്കീമുകൾ ഫലപ്രദമാക്കുക
- പ്രത്യേക ഗ്രാമസഭകൾ വർക്കിംഗ് ഗ്രൂപ്പ് പ്രാതിനിധ്യം ഉറപ്പാക്കുക
- കുട്ടികളുടെ വിവരശേഖരണം പുതുക്കുക
- കുട്ടികൾക്കായുള്ള ബഡ്ജറ്റ് അപഗ്രഥനം പരിശോധിക്കുക
- കുട്ടികൾക്കായി വികസന നയം പ്രഖ്യാപിക്കുക
- ട്രാൻസ് ജെൻഡർ ഉൾപ്പടെ വ്യത്യസ്തതകൾ നേരിടുന്ന കുട്ടികളുടെ ക്ഷേമവും വികസനവും
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ സാധ്യതകൾ

## അതിജീവനാവകാശ സംരക്ഷണ മേഖലകൾ

1. കുട്ടികളിൽ കുറഞ്ഞുവരുന്ന ലിംഗാനുപാതം
2. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഗുണനിലവാരമുള്ള സേവനം
3. പ്രതിരോധ ചികിത്സ
4. ശുദ്ധജലവും ശുചിത്വവും
5. അഞ്ചു വയസ്സിന് താഴെയുള്ള നവജാത ശിശു മരണവും മരണങ്ങളും

## പ്രോജക്ട് ആശയങ്ങൾ

1. എല്ലാ ആരോഗ്യസ്ഥാപനങ്ങളും – ബാലസൗഹൃദം, തടസ്സവിമുക്തം, ക്ലീൻ ആന്റ് ഗ്രീൻ
2. കുട്ടികൾ എത്തുന്ന എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദം – ആരോഗ്യകരമായ സംവിധാനങ്ങൾ, അപായരഹിത പരിസ്ഥിതി
3. കുട്ടികളുടെ മരണം, മാതൃമരണം – സീറോ
4. ഇമ്മ്യൂണൈസേഷൻ പ്രതിരോധ മരുന്നുകൾ 100 ശതമാനം
5. ഇ ഹെൽത്ത്, വാതിൽപടി ആരോഗ്യസേവനം

## വികസനാവകാശ സംരക്ഷണ മേഖലകൾ

1. ആദ്യ ശൈശവകാല പരിചരണവും ഉത്തേജനവും
2. സാർവ്വത്രിക ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും
3. എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം
4. ആരോഗ്യ വിദ്യാലയം
5. പോഷണനിലവാരവും കായികക്ഷമതയും

### പ്രോജക്ട് ആശയങ്ങൾ

- അങ്കണവാടി കെട്ടിടം പൂർണ്ണം
- ശിശുക്കൾക്ക് ഡേ കെയർ
- ആരോഗ്യവിദ്യാലയം
- ഭിന്നശേഷി വിദ്യാഭ്യാസം – ഓപ്പൺ സ്കൂൾ
- വളർച്ചാ നിരീക്ഷണം – പോഷകാഹാരം
- ഏർളി ഡിറ്റക്ഷൻ
- കൗൺസലിംഗ് സേവനം – മാനസീക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളുടെ ശാക്തീകരണം

### സംരക്ഷണാവകാശ മേഖലകൾ

1. കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം സംരക്ഷിക്കുക
2. കുട്ടികൾക്ക് മേലുള്ള ദുരുപയോഗങ്ങൾ തടയൽ
3. സുരക്ഷിതമായ സ്കൂൾ പരിസരം
4. സുരക്ഷിതമായ കൗമാരം
5. നിയമാനുസൃത പ്രായത്തിന് മുമ്പുള്ള വിവാഹം തടയൽ
6. പരിചരണവും പിൻതുണയും ഉറപ്പാക്കുന്ന കുടുംബം
7. വൈകല്യ ലഘൂകരണവും ഭിന്നശേഷി സൗഹൃദവും

### പ്രോജക്ട് ആശയങ്ങൾ

- ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരണം, പ്രവർത്തനം
- വൾണറബിലിറ്റി മാപ്പിംഗ്
- സ്ഥാപനങ്ങളിൽ കഴിയുന്നവരുടെ പട്ടികയും റിഹാബ് പ്ലാനും
- ഈ കുട്ടികളുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിരക്ഷ
- എസ് പി സി, ഒ ആർ സി, സ്കൂൾ വിജിലൻസ് കമ്മിറ്റി
- സ്കൂൾ സീറോ സോൺ, മയക്കുമരുന്ന് വിരുദ്ധപ്രചരണം
- ഭിന്നശേഷി സഹായങ്ങൾ ഉറപ്പാക്കൽ

### പങ്കാളിത്താവകാശ മേഖലകൾ

1. ബാലസഭ
2. കൗമാരക്ലബ്ബുകൾ
3. സ്കൂൾ ക്ലബ്ബുകളിലെ കുട്ടികളുടെ പങ്കാളിത്തം
4. ആസൂത്രണ പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം – (വർക്കിംഗ് ഗ്രൂപ്പുകൾ, കുട്ടികളുടെ ഗ്രാമസഭ)
5. ബാലസൗഹൃദ പൊതുഇടങ്ങൾ

### പ്രോജക്ട് ആശയങ്ങൾ

- വിനോദം, കായികം തദ്ദേശസ്ഥാപന,വാർഡ്തല ടീം – പരിശീലനം

- എല്ലാ കായിക കളിസ്ഥലങ്ങളും മാപ്പിംഗ്, ബാലസൗഹൃദം
- നീന്തൽ പരിശീലനം
- വർക്കിംഗ് ഗ്രൂപ്പിൽ കുട്ടികളുടെ പങ്കാളിത്തം
- കുമാരിക്ലബ്ബ് – പെൺകുട്ടികളുടെ കലാകായികവേദി
- കലാ, സാഹിത്യ, മത്സര പ്രോത്സാഹനം (ഡിജിറ്റൽ)
- നാടൻ വിനോദങ്ങൾ പ്രോത്സാഹനം

## എങ്ങിനെയാണ് ഒരു തദ്ദേശഭരണ സ്ഥാപനം ബാലസൗഹൃദമാകുന്നത്

എല്ലാ അംഗങ്ങളും ബാലസൗഹൃദ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും നടപ്പിലാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, കുട്ടികളുടെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി കർമ്മ പദ്ധതികൾ വികസിപ്പിക്കുക നിലവിലുള്ള കർമ്മപദ്ധതികളും സംവിധാനങ്ങളും മെച്ചപ്പെടുത്തുക വഴി കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ബാലസൗഹൃദ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും നടപ്പിലാക്കുകയും സജീവമായി അംഗീകരിക്കുകയും ചെയ്യുന്നു. കുട്ടികളെ സംരക്ഷിക്കാനും അവരുടെ അഭിപ്രായങ്ങളെ ബഹുമാനിക്കാനും അവരോട് വിവേചനം കാണിക്കാതിരിക്കാനും ഇത് സഹായകരമാകുന്നു. മാതാപിതാക്കളും പരിചരണം നൽകുന്നവരും കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു. ക്ഷമയോടെ അവരെ ശ്രദ്ധിക്കുന്നു, അവരുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു, അവരെ ശാസ്ത്രീയമായി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കുട്ടികൾ സന്തുഷ്ടരും, സംരക്ഷിതരുമാകുന്നത് അവർക്ക് മെച്ചപ്പെട്ട ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, വിനോദം, എന്നിവ ലഭ്യമാകുമ്പോഴാണ്. ഇതോടൊപ്പം അവരുടെ കാര്യങ്ങളിൽ അഭിപ്രായം പറയുകയും അവർക്കുവേണ്ടിയുള്ള സേവനങ്ങളിലോ പ്രവർത്തനങ്ങളിലോ ഏർപ്പെടുകയും ചെയ്യുന്നതിന് അവസരം ഉറപ്പാക്കപ്പെടേണ്ടതാണ്.

## ബാലസൗഹൃദ പ്രാദേശിക ഭരണ ലക്ഷ്യങ്ങൾ

ബാലസൗഹൃദ പ്രാദേശിക ഭരണ കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ പ്രാദേശിക അവസ്ഥയനുസരിച്ച്, താഴെ പറയുന്ന ലക്ഷ്യങ്ങൾക്കനുസൃതമായിരിക്കണം.

- കുട്ടികളുടെ സമ്പൂർണ്ണ വിവരശേഖരണം, സമ്പൂർണ്ണ വിവരവ്യൂഹം (ഡാറ്റ ബാങ്ക്)
- ആൺപെൺ അനുപാതം സാധാരണ നിലയിൽ ആക്കുക
- 100 ശതമാനം പ്രതിരോധ കുത്തിവെയ്പ്പ്
- നവജാതശിശുക്കളുടേയും ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടേയും ഇപ്പോഴുള്ള മരണനിരക്ക് കുറക്കുക
- ശുദ്ധമായ കുടിവെള്ളവും ശുചിത്വവും കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ ഉറപ്പു വരുത്തുക
- കുട്ടികൾക്കായുള്ള പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക – ന്യൂനപോഷണരഹിതം
- കുട്ടികളുടെ ശാരീരിക മാനസീക പോരായ്മകൾ വളരെ നേരത്തെ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ
- സാർവ്വത്രിക ശിശുസംരക്ഷണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുക

- എല്ലാ അങ്കണവാടികൾക്കും കെട്ടിടവും മിനിമം നിലവാരവും
- എല്ലാ സ്കൂളുകളും ബാലസൗഹൃദവും ആരോഗ്യവിദ്യാലയവു`മായി വികസിപ്പിക്കുക
- മുഴുവൻ സ്കൂളുകളിലും കൊഴിഞ്ഞുപോക്കും മുടങ്ങലും ഒഴിവാക്കുക
- ആദിവാസി മേഖലകളിലെ കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ മിനിമം സൗകര്യങ്ങളും പഠനത്തിനുള്ള സഹായവും ലഭ്യമാക്കുക
- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തീർത്തും ഇല്ലാതാക്കുക
- എല്ലാ സ്കൂളുകളും ലഹരിവിമുക്തമാക്കുക
- ബാലവിവാഹങ്ങൾ ഇല്ലാതാക്കുക
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംരക്ഷണം ഉറപ്പാക്കുക (ആശ്രയ മാതൃകയിൽ അർഹതപ്പെട്ട എല്ലാ സേവനങ്ങളും ലഭ്യമാക്കുക)
- കൗമാരപ്രായക്കാരായ കുട്ടികൾക്ക് ആരോഗ്യവും സുരക്ഷയും
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ വാർഡിലും കുട്ടികളുടെ ഗ്രാമസഭ
- ബാലസൗഹൃദ പൊതുഇടങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പങ്കാളിത്തം
- ബാലപഞ്ചായത്ത് സംഘടിപ്പിക്കുക

## കുട്ടികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 1. നാഷണൽ ഹെൽത്ത് മിഷൻ (ആർദ്രം)

- ജനനി സുരക്ഷ യോജന കാര്യക്രം
- രാഷ്ട്രീയ ബാൽ സാസ്ഥ്യ കാര്യക്രം
- വിഫ്സ്
- 1000 സുവർണ്ണ ദിനങ്ങൾ
- 4 ഡി പരിശോധന

### 2. പെൺകുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ

- ബേട്ടി ബച്ചാവോ ബേട്ടി പഠാവോ
- സുകന്യ സമൃതി യോജന
- സിബിഎസ്സി – ഉഡാൻ
- ധനലക്ഷ്മി സ്കീം

### 3. ഐസിഡിഎസ്

- പ്രിപ്രൈമറി ക്ലാസ്
- അനുപൂരക പോഷകാഹാരം
- ഗ്രോത്ത് മോണിട്ടറിംഗ്
- എജി–എബി ക്ലബ്ബ്

### 4. സർവ്വ ശിക്ഷ അഭിയാൻ

### 5. രാഷ്ട്രീയ മാധ്യമിക ശിക്ഷ അഭിയാൻ

## സംയോജിത ബാലസുരക്ഷ പദ്ധതി (ഐസിപിസി)

ശിശുക്ഷേമ പദ്ധതി

ജുവനൈൽ ജസ്റ്റിസ് ബോർഡ്

ബാലസംരക്ഷണസമിതി

ദത്തെടുക്കൽ

ജില്ലാതല ശിശുസംരക്ഷണ സമിതി

## കുട്ടികൾക്കായുള്ള സംസ്ഥാനസർക്കാർ സവിശേഷ പരിപാടികൾ

- അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്
- പ്രിമെട്രിക്ക് ഹോസ്റ്റലുകൾ
- സാമൂഹ്യസുരക്ഷാമിഷൻ പദ്ധതികൾ

## ഐസിഡിഎസിന് പ്രത്യേക പരിഗണന

- അങ്കണവാടി അടിസ്ഥാന സൗകര്യം ഉയർത്തുക
- മാതൃക അങ്കണവാടി
- അനുപൂരക പോഷകാഹാരവും, പോഷണനിലവാര മോണിട്ടറിംഗും (THRS)
- തെറാപ്യൂട്ടിക്ക് ന്യൂട്രീഷൻ
- ബാലമേളകൾ
- അനീമിയ സ്ക്രീനിംഗ്, പ്രതിരോധ കുത്തിവെയ്പ്
- കുമാരിക്ലബ്ബ് ശാക്തീകരണം
- ഏർളി ഡിറ്റക്ഷൻ – വാർഷിക സർവ്വേ
- പെൺകുട്ടികൾക്കായുള്ള ദിനാചരണം ന്യൂട്രീഷൻ വീക്ക്, ശിശുദിനം, അങ്കണവാടി മോണിട്ടറിംഗ് കമ്മിറ്റി
- ലക്ഷ്യം – പോഷണസമ്പുഷ്ടശൈശവം, ആരോഗ്യകരമായ ശൈശവം

## കുട്ടികൾക്കായുള്ള വിവരശേഖരണം

1. കുട്ടികളുടെ സെക്സ് ആന്റ് ഏയജ് ഡിസഗ്രിഗേറ്റഡ് ഡാറ്റ
2. കുട്ടികളുടെ വിദ്യാഭ്യാസ സ്ഥിതിവിവരം
3. കുട്ടികളുടെ മരണ കണക്കുകൾ കാരണങ്ങൾ
4. ഭിന്നശേഷി കുട്ടികളുടെ കണക്കുകൾ
5. ഗർഭാവസ്ഥയും പ്രസവങ്ങളും
6. കുട്ടികളുടെ വൾണറബിലിറ്റി മാപ്പിംഗ്
7. കുട്ടികൾക്കായുള്ള പൊതു സംവിധാനങ്ങൾ കളിയിടങ്ങൾ
8. കുട്ടികൾക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ
9. കുട്ടികൾ നേരിടേണ്ടിവരുന്ന വ്യത്യസ്തങ്ങളായ പട്ടിക ആൺപെൺ തിരിച്ച്
10. കാണാതായ കുട്ടികളുടെ കണക്കുകൾ

## കൗമാര ക്ലബ്ബുകൾ

കേന്ദ്രവനിതാശിശു മന്ത്രാലയത്തിന്റെ ഓർഡർ 6.12.2010 RGSEA പ്രകാരം രണ്ടു ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നു.

1. 10 മുതൽ 14 വയസ്സുവരേയും
2. 15 മുതൽ 18 വയസ്സ് വരെയും

### ഉദ്ദേശലക്ഷ്യങ്ങൾ

കൗമാരപ്രായത്തിലുള്ള കുട്ടികളുടെ ശാക്തീകരണം – കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യം, ശുചിത്വം, പോഷണം, ലൈംഗീക–പ്രജനനവിദ്യാഭ്യാസം, കുടുബം, ശിശുപരിപാലനം എന്നിവയിലുള്ള ധാരണകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക

പ്രശ്നപരിഹാര സംവിധാനം

ആരോഗ്യപോഷണ പ്രവർത്തനങ്ങൾ

ജീവിതനൈപുണി പരിശീലനം

## സംയോജിതശിശു സംരക്ഷണ പദ്ധതി (ഐസിപിസി)

കുട്ടികളുടെ അവകാശസംരക്ഷണവും ഉത്തമ താൽപര്യസംരക്ഷണവും ഉറപ്പുവരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻ നിർത്തി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്രവനിതാ ശിശുക്ഷേമ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. കേരളത്തിൽ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതി ജില്ലാതല ശിശുസംരക്ഷണ യൂണിറ്റ് വഴി പ്രാവർത്തികമാക്കുന്നു.

### ലക്ഷ്യഗ്രൂപ്പുകൾ

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ
- പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ
- നിയമവുമായി സമ്പർക്കത്തിലേർപ്പെടുന്ന കുട്ടികൾ

### പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ

- ഏതെങ്കിലും തരത്തിൽ അക്രമത്തിനിരയായ കുട്ടികൾ
- ബാലവേലയിൽ എത്തപ്പെടുന്ന കുട്ടികൾ
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ
- ഭിന്നശേഷിയുള്ള കുട്ടികൾ
- മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ
- തീർത്തും അനാഥരായ കുട്ടികൾ
- എച്ച്ഐവി ബാധിതരായ കുട്ടികൾ
- തടവുശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ
- മദ്യം മയക്കമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ

ഇത്തരം കുട്ടികളുടെ വിഷയങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സഹകരണത്തോടെ പരിഹരിക്കുന്നു. നിയമവുമായി പൊരുത്തപെടാത്ത കുട്ടികളുടെ വിഷയങ്ങൾ ജില്ലയിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുമായി ചേർന്ന് പരിഹരിക്കുന്നു.

## ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (സിപിസി)

കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംരക്ഷണത്തിനായി രാജ്യത്തെമ്പാടും നടപ്പാക്കി വരുന്ന പദ്ധതിയാണ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി.

### തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ

- കുട്ടികളുടെ ക്ഷേമകരമായ ജീവിതവും സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ
- ബാലവേല, ബാലവിവാഹം ഇല്ലെന്ന് ഉറപ്പു വരുത്തുക
- ക്രൈം–വൾണറബിലിറ്റി മാപ്പിംഗിന് നേതൃത്വം നൽകുക
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിലോ, മറ്റ് ഐസിപിസി സംവിധാനങ്ങളിലോ അറിയിപ്പ് നൽകുക
- ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കുക – നിർദ്ദേശങ്ങൾ കണക്കിലെടുക്കുക – ഘടന ശ്രദ്ധിക്കുക

### പഞ്ചായത്ത്തല സിപിസി ഘടന

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ (വെൽഫെയർ) | വൈസ് ചെയർ |
| 3 | ഐസിഡിഎസ് സൂപ്പർവൈസർ | മെമ്പർ സെക്രട്ടറി |
| 4 | കുട്ടികളുടെ നോമിനികൾ 2 | അംഗങ്ങൾ |
| 5 | ഒരു ഡിസിപിഎസ് പ്രതിനിധി (ചെയർ നോമിനി) | അംഗം |
| 6 | അങ്കണവാടി ടീച്ചർ (DWCOനോമിനി) | അംഗം |
| 7 | DEO നിർദ്ദേശം ചെയ്യുന്ന ടീച്ചർമാർ | അംഗങ്ങൾ |
| 8 | മാസ് മീഡിയ ഓഫീസർ – ജെപിഎച്ച്എൻ നോമിനി | അംഗം |
| 9 | 2 സാമൂഹ്യ പ്രവർത്തകർ (ചെയർ നോമിനി) | അംഗം |

## സിപിസി ചുമതലകൾ

1. അപായാവസ്ഥ നേരിടുന്ന കുട്ടികളുടെ വൾണറബിലിറ്റി മാപ്പിംഗ് നടത്തി പ്രോജക്ട്ടുകൾ തയ്യാറാക്കുക
2. കുട്ടികളിലെ അതിക്രമങ്ങൾക്കെതിരായി പൊതുജനശബ്ദം ഉയരുന്നതിനാവശ്യമായ അവബോധം സൃഷ്ടിക്കുക
3. കുട്ടികൾ നേരിടുന്ന വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ, അതിക്രമങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഡിപിസിക്ക് നൽകുക
4. റഫറൽ സേവനം വേണ്ടതായ കേസുകൾ ഡിപിസിക്ക് നൽകുക
5. വാർഡ്തലത്തിലും സ്കൂൾ തലത്തിലും കുട്ടികളുടെ സംഘ പ്രവർത്തനങ്ങൾ
6. പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികളുടേയും നിയമവുമായി പൊരുത്തപെടാത്ത

കുട്ടികളുടെയും ക്ഷേമത്തിനായുള്ള നടപടികൾ

7. അങ്കണവാടി, കുമാരിക്ലബ്ബുകൾ, ബാലസഭ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
8. ബാലസുരക്ഷയുമായി ബന്ധപ്പെട്ട കോഡ് ഓഫ് കോൺടാക്ട് എല്ലാ അംഗങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പാക്കുക

### സേവനങ്ങൾ

- പ്രതിരോധം
- കുടുംബാധിഷ്ഠിത സംരക്ഷണം
- ഫോസ്റ്റർ കെയർ
- സ്പോൺസർഷിപ്പ്
- വിവിധ വകുപ്പുകളുടെ ഏകോപനം
- സാമൂഹ്യാധിഷ്ഠിത സേവന സംവിധാനം
- സമഗ്ര ബോധവൽക്കരണ പരിപാടി

### സേവന വികേന്ദ്രീകരണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്കതലത്തിലും പഞ്ചായത്ത് തലത്തിലും ശിശുസംരക്ഷണ കമ്മിറ്റികൾ അതാത് മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും

### യോജിച്ച് പ്രവർത്തിക്കുന്ന മറ്റ് സംവിധാനങ്ങൾ

ചൈൽഡ് ലൈൻ 1098
സ്പെഷൽ ജുവനൈൽ പോലീസ് യൂണിറ്റ്– പോലീസ് സ്റ്റേഷൻ
കുട്ടികളുടെ സംരക്ഷണസ്ഥാപനങ്ങൾ
ദത്തെടുക്കൽ സ്ഥാപനങ്ങൾ
സന്നദ്ധ സംഘടനകൾ
ജില്ല ലീഗൽ സർവ്വീസ് ഏജൻസി
സോഷ്യൽ വർക്ക് കോളേജുകൾ
വിവിധ സർക്കാർ വകുപ്പുകൾ
തദ്ദേശഭരണ സ്ഥാപനങ്ങൾ
പത്രമാധ്യമങ്ങൾ

### നടപ്പിലാക്കുന്ന പദ്ധതികൾ

**1. ഒ ആർ സി ( Our Responsibility to Children)**

വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് തിരഞ്ഞെടുക്കപ്പെട്ട വിവിധ സ്ക്കൂളുകളിൽ നിന്നും സ്വഭാവ – വൈകാരിക പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കുന്നതിനും കുട്ടികളുടെ സർവ്വോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അദ്ധ്യാപകരുടേയും, രക്ഷാകർത്താക്കളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നു

**2. കാവൽ**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനയുമായി ചേർന്ന് നടപ്പിലാക്കുന്നു.

**ബാലസഭ**

കുടുംബശ്രീ അയൽക്കൂട്ട പ്രദേശങ്ങളിലെ 8 നും 18നും ഇടയിൽ പ്രായമുള്ള കുട്ടികളെ ചേർത്തുകൊണ്ട് കുട്ടികളുടെ ഇടയിലുള്ള കൂട്ടായ്മയാണ് ബാലസഭ.

**ബാലപഞ്ചായത്ത്**

ബാലപാർലിമെന്റ് മാതൃകയിൽ എല്ലാ ബാലസമിതികളും കൂടിചേരുന്നതാണ് ബാലപഞ്ചായത്ത്.

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ ജനാധിപത്യപരമായ കഴിവുകൾ, വ്യക്തിത്വം എന്നിവ വികസിപ്പിക്കുക
- ഭൗതിക കാര്യനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുക
- ഭാഷാ വൈഭവവും വിദ്യാഭ്യാസ നിപുണതയും നേടുക
- ശാസ്ത്രബോധം വളർത്തുക
- ഭരണഘടനാ മൂല്യങ്ങളും വിദ്യാഭ്യാസ നേട്ടങ്ങളും വിജ്ഞാനവും വികസിപ്പിക്കുന്നതിനും ആർജ്ജിക്കുന്നതിനും അവസരമൊരുക്കുക
- ചർച്ചകൾക്കും സംവാദങ്ങൾക്കും നേതൃത്വം നൽകുക
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക

## കുട്ടികൾക്കായുള്ള ഗ്രാമസഭകളും ആസൂത്രണനടപടികളിലെ പങ്കാളിത്തവും

**ഉദ്ദേശം**

തദ്ദേശഭരണ സ്ഥാപന തീരുമാനങ്ങളിൽ കുട്ടികളുടെ കാഴ്ചപാടുകൾ ഉൾകൊള്ളിക്കുക

**ലക്ഷ്യം**

- തദ്ദേശസ്ഥാപനത്തിലെ തീരുമാന പ്രക്രിയകളിൽ കുട്ടികളുടെ പങ്കാളിത്താവകാശം ഉറപ്പാക്കുക
- തീരുമാന പ്രക്രിയകളിൽ ജനായത്ത രീതികൾ അവലംബിക്കുവാൻ കുട്ടികൾക്ക് അവസരം ഒരുക്കുക

**തന്ത്രങ്ങൾ**

വർഷത്തിൽ ഒരിക്കലെങ്കിലും കുട്ടികളുടെ പ്രത്യക ഗ്രാമസഭ ചേരുക

കുട്ടികളുടെ ഗ്രാമസഭയിലെ നിർദേശങ്ങൾ പ്ലാനിൽ ഉൾകൊള്ളിക്കുക

കുട്ടികളുടെ നേതൃത്വത്തിൽ സാമൂഹ്യ ഓഡിറ്റ് സംഘടിപ്പിക്കുക

വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പ്രതിനിധികൾ

## ബാലസൗഹൃദ പൊതു ഇടങ്ങൾ

**ഉദ്ദേശം**

കുട്ടികൾക്ക് സൗകര്യവും സുരക്ഷിതവുമായ പൊതു ഇടങ്ങൾ ഉറപ്പുവരുത്തുക

**ലക്ഷ്യങ്ങൾ**

- കുട്ടികൾക്ക് സൗകര്യപ്രദമായ സംവിധാനങ്ങൾ എല്ലാ പൊതു ഇടങ്ങളിലും ഏർപ്പെടുത്തുക
- കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ, വായനശാലകൾ എന്നിവക്ക് ശിശുസൗഹൃദ നിലവാരം ഉറപ്പാക്കുക

- എല്ലാ പൊതു ഇടങ്ങളും തടസ്സവിമുക്തമായി രൂപപ്പെടുത്തുക

**തന്ത്രങ്ങൾ**

- എല്ലാ വിദ്യാലയങ്ങളിലും അങ്കണവാടികളിലും കളിസ്ഥലം ഉറപ്പുവരുത്തുക
- ഗൃഹസമുച്ചയങ്ങളിൽ കുട്ടികൾക്കായി വിനോദത്തിനും, കളികൾക്കും സ്ഥലലഭ്യത ഉറപ്പ് വരുത്തുക
- കുട്ടികൾക്കായി പാർക്കുകളും, ലൈബ്രറികളും, നീന്തൽ കുളങ്ങളും സ്ഥാപിക്കുക
- കുട്ടികളുടെ കലാവാസനയും മത്സര പങ്കാളിത്തവും ഉയർത്തികൊണ്ടുവരിക
- എല്ലാ പൊതുകളിസ്ഥലങ്ങളും കളിഉപകരണങ്ങളും അപായരഹിതമായി മാറ്റുന്നതിന് നിലവാരം ഉറപ്പ് വരുത്തുക

## കൗമാരപ്രായക്കാരുടെ ക്ലബ്ബ്

**ഉദ്ദേശം**

എല്ലാ അങ്കണവാടികളിലും സർക്കാർസ്ഥാപിത ഹോസ്റ്റലുകളിലും കൗമാരപ്രായക്കാരായവരുടെ ക്ലബ്ബുകൾ രൂപീകരിക്കുക

**ലക്ഷ്യം**

- എല്ലാ പെൺകുട്ടികൾക്കും വികാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനുള്ള വേദി ഒരുക്കുക
- കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പോഷണനിലവാരം ഉറപ്പുവരുത്തുക

**തന്ത്രങ്ങൾ**

- എല്ലാ അങ്കണവാടികളിലും പ്രവർത്തനക്ഷമമായ കുമാരിക്ലബ്ബുകൾ
- ഇവക്കൊപ്പം ആൺകുട്ടികളുടെ ക്ലബ്ബും രൂപീകരിക്കുക
- വാർഡു ലെവൽ, പഞ്ചായത്ത് ലെവൽ സംയോജനവും മോണിട്ടറിംഗ്

## കേന്ദ്ര സർക്കാരും ഇന്ത്യയിലെ തദ്ദേശഭരണ സ്ഥാപനങ്ങളും

- രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ മാർഗ്ഗനിർദ്ദേശങ്ങൾ കുട്ടികൾ, സ്ത്രീകൾ, സമഗ്രവും സുസ്ഥിരവുമായ വികസനം കൈവരിക്കുന്നതിനുള്ള ഫലാധിഷ്ഠിത പദ്ധതി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- പതിനാല്, പതിനഞ്ച് ധനകാര്യകമ്മീഷനും തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയുക്ത ചുമതലകൾ പരാമർശിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.
- ദേശീയ ബാലസൗഹൃദ പഞ്ചായത്ത് പുരസ്കാരം അഞ്ച് ലക്ഷം രൂപ പ്രോത്സാഹനമാണ്. ആരോഗ്യം, പോഷകാഹാരം, വാട്ടർ സാനിട്ടേഷൻ ആന്റ് ഹൈജിൻ, വിദ്യാഭ്യാസം എന്നിവ ഉൾപ്പടെയുള്ള ബാലസൗഹൃദ സൂചകങ്ങളാൽ പഞ്ചായത്തുകളെ വിലയിരുത്തുന്നു, ബാലസൗഹൃദ നിരീക്ഷണ സംവിധാനത്തിലേക്ക് ഇത് നയിക്കുന്നു.

## ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം സാധ്യമായ ബാല സൗഹൃദ ഇടപെടലുകൾ

- കുട്ടികളുടെ സംരക്ഷണം
- വിദ്യാഭ്യാസം

- പോഷകാഹാരവും ആരോഗ്യവും
- കുട്ടികളുടെ ബജറ്റ്
- ശുദ്ധജലവും ശുചിത്വവും
- പ്രകൃതി ദുരന്തങ്ങൾ
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവൽക്കരിക്കുക

## കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെ വിലയിരുത്താം

- കുട്ടികളുടെ പ്രത്യേക ഗ്രാമസഭ
- കുട്ടികളുടെ അവസ്ഥാ പഠനം

## ബാലസൗഹൃദ തദ്ദേശഭരണം – പ്രസക്തമായ പദ്ധതികളും പരിപാടികളും

- തദ്ദേശഭരണതലത്തിലുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ കുട്ടികളോട് ഏറ്റവും അടുത്തുനിൽക്കുന്ന ഭരണത്തിന്റെ ആദ്യ ഘടകമാണ്, അതിനാൽ അവരുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കാൻ സാധിക്കും
- കുട്ടികളുടെ എല്ലാ അവകാശങ്ങളും ക്രമാനുഗതമായി സാക്ഷാത്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ പ്രധാന പങ്ക് വഹിക്കുന്ന ആശയവും രീതിയും തത്വവും പ്രയോഗവുമാണ് ബാല സൗഹൃദ പ്രാദേശിക ഭരണം.
- ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ശുചിത്വം, സാമൂഹിക സംരക്ഷണം, ദുരുപയോഗം, ചൂഷണം എന്നിവകളിൽ നിന്നുള്ള സംരക്ഷണം, തുടങ്ങിയ അവകാശങ്ങളും ഉറപ്പുനൽകുന്നതിനുള്ള ഒരു സമീപനമാണിത്
- 2019ൽ 'ബാലസൗഹൃദ പഞ്ചായത്ത് അവാർഡ്' ഏർപ്പെടുത്തുന്നതിലൂടെ, ഈ ദിശയിലുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശ്രമങ്ങളെ അംഗീകരിക്കുന്നതിന്, കേന്ദ്ര സർക്കാർ പഞ്ചായത്തീരാജ് മന്ത്രാലയം (MoPR) നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
- ബാലസൗഹൃദ തദ്ദേശഭരണ സ്ഥാപന സംവിധാനങ്ങളെ പിന്തുണയ്ക്കുന്നതിനായി നിരവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നു.

## ആരോഗ്യമേഖലയിലെ പദ്ധതികളും പരിപാടികളും

- ദേശീയ ആരോഗ്യ ദൗത്യം (NHM)
- ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സംരക്ഷണ ദൗത്യം
- ജനനി ശിശു സുരക്ഷ കാര്യക്രമ് (JSSK)
- രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമ് (RBSK)
- ജനനി സുരക്ഷാ യോജന (JSY)
- മെറ്റേണിറ്റി വെയ്റ്റിംഗ് ഹോം (MWH)
- മുഖ്യമന്ത്രി യുടെ ദുരിതാശ്വാസം
- നാഷണൽ അയൺ പ്ലസ് ഇനിഷ്യേറ്റീവ് (NIPI)
- ദേശീയ അയഡിൻ ഡിഫിഷ്യൻസി ഡിസോർഡർ കൺട്രോൾ പ്രോഗ്രാം (NIDDCP)

## സംയോജിത ശിശു വികസന സേവന പദ്ധതി

- സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം, പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ പരിശോധന, റഫറൽ, ആരോഗ്യ പോഷണ വിദ്യാഭ്യാസം, പ്രീസ്കൂൾ
- പോഷൻ അഭിയാൻ
- പോഷകാഹാര പുനരധിവാസ കേന്ദ്രം (NRC)
- പ്രധാന മന്ത്രി മാതൃ വന്ദന യോജന (PMMVY)
- കൗമാര അനീമിയ നിയന്ത്രണ പരിപാടി
- ഗ്രാമ ആരോഗ്യം

## വിദ്യാഭ്യാസ പദ്ധതി

- ഉജ്ജ്വല,, സൗജന്യ യൂണിഫോം, പ്രവേശന ഉത്സവ്, കന്യാശിക്ഷ പ്രവേശ് ഉത്സവ്
- സീസണൽ ഹോസ്റ്റൽ
- ഉച്ച ഭക്ഷണം
- നവോദയ വിദ്യാലയ, ആശ്രമം സ്കൂൾ
- സമഗ്ര ശിക്ഷ അഭിയാൻ (SSK)
- സൈനിക് സ്കൂൾ

## സ്പോർട്സ് സ്കീം

- ഖേലോ ഇന്ത്യ
- ഫിറ്റ് ഇന്ത്യ പ്രസ്ഥാനം
- SAI സ്കൂൾ

## സ്കീമുകളും പ്രോഗ്രാമുകളും

- ബേട്ടി ബച്ചാവോ ബേട്ടി പഠാവോ
- 1098 ചൈൽഡ് ലൈൻ ഹെൽപ്പ്
- സംയോജിത ശിശു സംരക്ഷണ പദ്ധതി
- കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതികൾ
- സുകന്യ സമൃദ്ധി യോജന
- മിഷൻ വാത്സല്യ
- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ
- സംസ്ഥാന ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ

## ശുചിത്വവും ശുചിത്വ നടപടികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

- സ്വച്ഛ് വിദ്യാലയ് കാര്യക്രമ്
- സ്വച്ഛ് ഭാരത് മിഷൻ
- സോപ്പ് ഉപയോഗിച്ച് കൈ കഴുകൽ പ്രചാരണം
- ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി
- ടോയ്‌ലറ്റ് നിർമ്മാണം

അദ്ധ്യായം 5

# സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ബാലസൗഹൃദ തദ്ദേശഭരണ രൂപീകരണം

## എന്തുകൊണ്ട് കുട്ടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം

- നയപരമായ ഇടപെടലുകൾക്ക് ഉചിതമായ കാലഘട്ടമായി കുട്ടിക്കാലം അംഗീകരിക്കപ്പെട്ടിരിക്കുന്നു
- കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷന്റെ സാക്ഷാത്കാരം
- മനുഷ്യവികസനത്തിന്റെ പ്രാരംഭ ഘട്ടത്തിലെ പൊതു നിക്ഷേപങ്ങൾ സാമ്പത്തികവും സാമൂഹികവുമായ അടിസ്ഥാനങ്ങളെ ആധാരമാക്കി ന്യായീകരിക്കപ്പെടുന്നു
- കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള ഇടപെടലുകളും നിക്ഷേപവും സാമൂഹിക സാമ്പത്തിക ഘടകങ്ങളുടെ അടിസ്ഥാനത്തിൽ നീതികരിക്കപ്പെടുന്നു
- ഒരു കുട്ടിയും അവഗണിക്കപെടരുത് എന്നതാണ് കാതൽ
- സുസ്ഥിര വികസന ലക്ഷ്യം –2030 മുന്നോട്ട് വക്കുന്നത് കുട്ടികൾ മാറ്റത്തിന്റെ പ്രതീകങ്ങളാണ്
- ആരെയും പിന്നിലാക്കരുത് ് എന്നതാണ് സുസ്ഥിര വികസന ലക്ഷ്യം

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ ബാലസൗഹൃദ തദ്ദേശഭരണവുമായി എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു

- ലക്ഷ്യങ്ങളും എല്ലാ അല്ലാതെയോ നേരിട്ടോ ജീവിതത്തെ കുട്ടികളുടെയും കൗമാരക്കാരുടെയും സ്വാധീനിക്കുന്നു
- സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ശ്രദ്ധാ കേന്ദ്രീകരിക്കുന്നുണ്ടെങ്കിലും, അവ പൊതുവെ മനുഷ്യാവകാശങ്ങളുമായും പ്രത്യേകിച്ച് കുട്ടികളുടെ അവകാശങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.
- 169 ലക്ഷ്യങ്ങളിൽ 48 ലക്ഷ്യങ്ങൾ കുട്ടികൾക്ക് വളരെ പ്രസക്തമായി കണക്കാക്കപ്പെടുന്നു.

## ബാലസൗഹൃദം – സുസ്ഥിര വികസന പ്രാദേശിക ലക്ഷ്യങ്ങൾ

- ഐസിഡിഎസ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക
- എല്ലാ 6 വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഗുണനിലവാരമുള്ള പോഷകാഹാരം ഉറപ്പാക്കുക
- ഐസിഡിഎസിന് കീഴിൽ ഗർഭിണികളായ സ്ത്രീകളേയും, മുലയൂട്ടുന്ന

അമ്മമാരേയും, കൗമാരപ്രായക്കാരായ പെൺകുട്ടികളേയും നൂറ് ശതമാനം ഉൾപ്പെടുത്തുക

- കുട്ടികളിലും സ്ത്രീകളിലും പോഷകാഹാരക്കുറവ് കുറയ്ക്കുക
- ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും പ്രായമായവരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും പോഷകാഹാര ആവശ്യങ്ങൾ സുഗമമാക്കുക
- സ്കൂളുകളിൽ എല്ലാ കുട്ടികളെയും ചേർക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക
- PTA/SMC-കൾ, വില്ലേജ് എഡ്യുക്കേഷൻ കമ്മിറ്റി വഴി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുക
- എല്ലാ കുട്ടികളും സൗജന്യവും തുല്യവും ഗുണമേന്മയുള്ളതുമായ പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക
- എല്ലാ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കുട്ടിക്കാലത്തെ വികസന പരിചരണത്തിനും പ്രീപ്രൈമറി വിദ്യാഭ്യാസത്തിനും പ്രവേശനം ഉണ്ടെന്ന് ഉറപ്പുവരുത്തുക
- 18 വയസ്സുവരെ സൗജന്യവിദ്യാഭ്യാസം ഉറപ്പു വരുത്തുക
- വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലുമുള്ള ലിംഗ അസമത്വം ഇല്ലാതാക്കുക
- തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ കുട്ടികളുടെയും സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുക
- കുട്ടികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയലും ചികിത്സയും
- ഭിന്നശേഷിയുള്ള കുട്ടികൾക്കും വിദ്യാഭ്യാസത്തിന് തുല്യ പ്രവേശനം ഉറപ്പാക്കുക

## കർമ്മ പദ്ധതി ലക്ഷ്യങ്ങൾ

- കുട്ടികളുടെ സമ്പൂർണ വിവരശേഖരണം, സമ്പൂർണ്ണ വിവരവ്യൂഹം (Data Bank)
- ആൺപെൺ അനുപാതം സാധാരണ നിലയിലാക്കുക
- പ്രതിരോധ കുത്തിവെയ്പ്പ് 100 ശതമാനം
- 1 വയസ്സിന് താഴെയുള്ള നവജാതശിശുക്കളുടെ മരണനിരക്ക് കുറക്കുക
- ശുദ്ധമായ കുടിവെള്ളവും ശുചിത്വവും കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ ഉറപ്പു വരുത്തുക
- കുട്ടികൾക്കായുള്ള പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുക – ന്യൂനപോഷണരഹിതം
- കുട്ടികളുടെ ശാരീരിക മാനസീക പോരായ്മകൾ വളരെ നേരത്തെ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ
- സാർവ്വത്രിക ശിശുസംരക്ഷണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുക
- എല്ലാ അങ്കണവാടികൾക്കും കെട്ടിടവും മിനിമം നിലവാരവും
- എല്ലാ സ്കൂളുകളും ബാലസൗഹൃദവും ആരോഗ്യവിദ്യാലവും ആയി വികസിപ്പിക്കുക
- മുഴുവൻ സ്കൂളുകളിലും കൊഴിഞ്ഞുപോക്കും മുടങ്ങലും ഒഴിവാക്കുക
- ആദിവാസി മേഖലയിലെ കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ മിനിമം സൗകര്യങ്ങളും പഠനത്തിനുള്ള സഹായവും ലഭ്യമാക്കുക
- കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തീർത്തും ഇല്ലാതാക്കുക
- എല്ലാ സ്കൂളുകളും ലഹരിവിമുക്തമാക്കുക
- ബാലവിവാഹങ്ങൾ ഇല്ലാതാക്കുക
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംരക്ഷണം ഉറപ്പാക്കുക

- കൗമാരപ്രായക്കാരായ കുട്ടികൾക്ക് ആരോഗ്യവും സുരക്ഷയും
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ വാർഡിലും കുട്ടികളുടെ ഗ്രാമസഭ
- ബാലസൗഹൃദ പൊതുസ്ഥലങ്ങൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർക്കിംഗ് ഗ്രൂപ്പിൽ കുട്ടികളുടെ പങ്കാളിത്തം
- ബാലപഞ്ചായത്ത് സംഘടിപ്പിക്കുക

## ചൈൽഡ് ബഡ്ജറ്റ്

കുട്ടികൾക്കായി ബഡ്ജറ്റ് തയ്യാറാക്കൽ – പ്രത്യേക വിഭാഗങ്ങൾക്കായി ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടങ്ങളിലായി ഘടകപദ്ധതികളോ, ഉപപദ്ധതികളോ തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങളുണ്ടായിരുന്നു. സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഈ മേഖലയിൽ എത്രമാത്രം തുക വിനിയോഗിക്കപ്പെട്ടു, ഏതെല്ലാം മേഖലയിലാണ് കുട്ടികൾക്കായി പ്രോജക്ട്ടുകൾ എന്നിവയെല്ലാം ഇതുവഴി കണക്കാക്കുവാൻ കഴിയും. അതോടൊപ്പം ഓഡിറ്റിന് വിധേയമാക്കാനും കഴിയും.

ജനസംഖ്യയുടെ 30 ശതമാനം (2011 സെൻസസ്) വരുന്ന വിഭാഗമാണ് കുട്ടികൾ. ബാലസൗഹൃദ ഭരണം ഉറപ്പാക്കപ്പെടണമെങ്കിൽ പ്രാദേശിക സർക്കാരിൽ നിക്ഷിപ്തമായ എല്ലാ വികസന മേഖലകളിലും അവർക്കായി മുതൽമുടക്കുകളും ഇടപെടലുകളും ആവശ്യമാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദമാക്കണമെന്ന് നിർദ്ദേശമുണ്ട്. ഇപ്പറഞ്ഞവയിൽ പലതും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നുമുണ്ട്. എന്നാൽ ഇത് എത്രമാത്രമെന്നും ഏതെല്ലാം കാര്യങ്ങൾക്കെന്നും കുറവുകൾ എവിടെയെന്നും മറ്റും തിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. കുട്ടികളിൽ തന്നെ പോഷണം, ആരോഗ്യം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം, കലാകായികവികസനം തുടങ്ങിയവക്ക് ഏതെല്ലാം വിഭവങ്ങളാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കുന്നതുവഴി മാത്രമേ ബാലസൗഹൃദ പ്രാദേശിക ഭരണം ഉറപ്പാക്കുവാൻ സാധ്യമാകൂ. കുട്ടികൾക്കായുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എത്ര പദ്ധതികൾ ഉണ്ട്. ഈ പദ്ധതികൾക്കായി നീക്കിവെക്കപ്പെട്ട തുക കഴിഞ്ഞ 5 വർഷത്തെ വരവുചിലവു കണക്കുകൾ പട്ടികപ്പെടുത്തുക. ഈ കണക്കുകളിൽ കുട്ടികൾക്കായുള്ള വകയിരുത്തൽ കണ്ടെത്തുക. പട്ടികജാതി പട്ടിക വർഗ വിഭാഗം കുട്ടികൾ ആരോഗ്യമേഖല ചിലവുകൾ പശ്ചാത്തല മേഖലയിൽ കുട്ടികൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തികൾ, വിദ്യാഭ്യാസ വിഹിതം ലൈബ്രറികൾ കളിസ്ഥലങ്ങൾ ബാലസഭ തുടങ്ങിയവ. നിലവിലെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പുതിയ പദ്ധതികൾ രേഖപ്പെടുത്തുകയും വിശകലനം നടത്തുകയും ചെയ്യുക

## ബാലസൗഹൃദ തദ്ദേശഭരണവും അടിസ്ഥാന സൂചകങ്ങളും

- അടിസ്ഥാന സൂചകങ്ങളെ അവകാശാധിഷ്ഠിത സമീപനത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുക – അവ നടപ്പാക്കുന്നതിനുള്ള പരിപാടികൾ ഏതെല്ലാമെന്ന് ചർച്ച ചെയ്യുക
- അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാല് മേഖലകളിൽ ഏതേതെല്ലാം പരിപാടികളാണ് പ്രോജക്ട്ടുകളാണ് നടപ്പാക്കുക എന്ന് പട്ടികപ്പെടുത്തുക
- ഓരോ ഉപമേഖലയിലും നിശ്ചയിക്കുന്ന ലക്ഷ്യം കണക്കാക്കി രേഖപ്പെടുത്തുക

- കാലഘടനാ പട്ടികയും മുൻഗണനാ ക്രമവും ചർച്ച ചെയ്ത് ഈ നിർദ്ദേശങ്ങളുടെ ഭാഗമാക്കുക

## ജനകീയാസൂത്രണത്തിൽ - മുൻഗണനാ പ്രവർത്തനങ്ങൾ

- മുൻഗണന ക്രമീകരണം
- സാഹചര്യ വിശകലനം
- ഗ്രാമസഭയിലും കുട്ടികളുടെ ഗ്രാമസഭയിലും ചർച്ച
- പ്രവർത്തനങ്ങൾ
- വിഭവങ്ങൾ
- ടൈംലൈൻ
- നടപ്പാക്കലും നിരീക്ഷണവും

## ബാലസൗഹൃദ പ്രാദേശിക വികസന പ്രോജക്റ്റ് തയ്യാറാക്കൽ

- ഒരു നിശ്ചിത വിഭാഗത്തിന്റെ സാമൂഹ്യസാമ്പത്തിക വികസനം സാധ്യമാകുന്നത് അവർ നേരിടുന്ന ക്ലേശാവസ്ഥകൾ ഇല്ലാതാകുമ്പോഴാണ്. കുട്ടികളെ സംബന്ധിച്ചിടത്തോളം മരണം, രോഗം, പോഷണകുറ,വ് മാതൃ ആരോഗ്യം, പകർച്ചവ്യാധി, പ്രതിരോധം, ഭിന്നശേഷി, വിദ്യാഭ്യാസ പ്രശ്നങ്ങൾ, സംരക്ഷണ പ്രശ്നങ്ങൾ, പങ്കാളിത്ത സംവിധാനങ്ങളുടെ അഭാവം തുടങ്ങിയവയാണ് നേരിടാവുന്ന പ്രധാന ക്ലേശാവസ്ഥകൾ
- സമൂഹത്തിൽ ഏത് വിധത്തിലാണ് ഈ പ്രശ്നങ്ങൾ പുരോഗതിയെ ബാധിക്കുന്നത് എന്ന് കാണണമെങ്കിൽ കുട്ടികൾ നേരിടുന്ന ഓരോ ദുരവസ്ഥയും കുടുംബത്തേയും സമൂഹത്തേയും എങ്ങിനെ ബാധിക്കുന്നുവെന്ന് വിലയിരുത്തേണ്ടി വരും
- കുട്ടികളുടെ പ്രശ്നങ്ങൾ പല വിധത്തിൽ കണക്കാക്കാം – പൊതു പ്രശ്നം, വ്യക്തിനിഷ്ഠ പ്രശ്നം, സാമ്പത്തിക പ്രശ്നം, സാമൂഹിക പ്രശ്നം

## വിജയകരമായ പ്രോജക്റ്റ് രൂപകൽപന

- കുട്ടികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ചില ചോദ്യങ്ങൾ ഉയർത്തേണ്ടതുണ്ട്.
- എന്താണ് പ്രശ്നം
- എന്തുകൊണ്ടാണ് ഈ പ്രശ്നം
- പരിഹാരങ്ങൾ എന്തെല്ലാം
- സാധ്യതകൾ എന്തെല്ലാം

## സംവിധാനങ്ങൾ ഉണ്ടെങ്കിലും ഉപയോഗം പൂർണ്ണമല്ല

- എന്ത്കൊണ്ട് – സേവനം പ്രാപ്യമല്ല (Accessible), ചിലവ് താങ്ങാൻ കഴിയുന്നില്ല (Affordable), സ്വീകാര്യതയില്ല (Acceptable), എത്തിചേരാൻ കഴിയുന്നില്ല (Attainable)
- മേൽപറഞ്ഞ പ്രശ്നങ്ങൾ എല്ലാ സേവനരംഗത്തും സമ്പൂർണ്ണത നേടാൻ കഴിയുന്നില്ലെങ്കിൽ കൃത്യമായി പരിശോധിച്ച് മാറ്റം വരുത്തണം
- മേൽപറഞ്ഞ കാഴ്ചപാടുകളോടെയായിരിക്കണം കുട്ടികൾക്കുള്ള പ്രോജക്ടുകൾ രൂപപ്പെടുത്തേണ്ടത്.

### പ്രോജക്ടുകളുടെ ഘടന

1. ആമുഖം – Background
2. ലക്ഷ്യം – Situation analysis or Indicator
3. ഗുണഭോക്താക്കൾ – No. of Persons
4. ധനകാര്യവിശകലനം – Sources
5. പ്രവർത്തനങ്ങൾ – Activities
6. പ്രവർത്തന കലണ്ടർ – Activity calendar
7. നേട്ടങ്ങൾ – Output
8. മോണിട്ടറിംഗ് – Monitoring

ലക്ഷ്യ നിർണ്ണയത്തിൽ സൂചകങ്ങളുടെ പ്രസക്തി കൃത്യമായി ബോധ്യപ്പെടും

അദ്ധ്യായം 6

# മോണിട്ടിറിംഗ് സംവിധാനം

## എന്താണ് മോണിട്ടറിംഗ്

ഏത് പ്രവർത്തന മേഖലയുടേയും നിലവിലുള്ള അവസ്ഥ എന്താണെന്നും അവ ലക്ഷ്യത്തിലെത്തുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്താണെന്ന് തീരുമാനിച്ച് വിടവുകൾ തിട്ടപ്പെടുത്തി ഇടപെടലുകൾ നടത്തുന്നതിനുള്ള പ്രക്രിയകളാണ് മോണിട്ടറിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് പൊതുവേ 3 രീതികൾ വഴി നിർവ്വഹിക്കപ്പെടുന്നു. സേവന കേന്ദ്രം അഥവ നിർവ്വഹണ തല പരിശോധന വഴി പുരോഗതി റിപ്പോർട്ട് ശേഖരിച്ച് അവഗ്രന്ഥിച്ച് വകുപ്പുതല അവലോകനങ്ങളിൽ പങ്കെടുത്ത് വിവരങ്ങൾ നൽകാൻ കഴിയുന്ന കേന്ദ്രങ്ങൾ വിവരം നൽകൽ, ഇടവേളകൾ, മോണിട്ടറിംഗ് ചുമതലക്കാർ എന്നിവ തീരുമാനിക്കപ്പെടണം.

## പ്രാദേശിക സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിംഗ് സമിതി

- സ്ഥാപനമേധാവിയുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന സുസ്ഥിര വികസന ലക്ഷ്യ മോണിട്ടിറിംഗ് സമിതി രൂപീകരിക്കുക
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് പ്രസിഡന്റായും തദ്ദേശസ്ഥാപന സെക്രട്ടറി കൺവീനറായും പ്രവർത്തിക്കുക
- ഓരോ സുസ്ഥിര വികസന ലക്ഷ്യ മേഖലക്കും ഉപസമിതികൾ ഉണ്ടായിരിക്കുകയും ഈ ഉപസമിതികളിലെ ചെയർമാനും, കൺവീനറും അതോടൊപ്പം സ്ഥാപനം തീരുമാനിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തകരും സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിഗ് സമിതി അംഗങ്ങളായിരിക്കും

## പ്രാദേശിക സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിംഗ് ഉപ സമിതി

- തദ്ദേശഭരണ സ്ഥാപന തല മോണിട്ടറിംഗ് സമിതി
- ഔദ്യോഗികതലം – സർക്കാർ സംവിധാനങ്ങൾ, കോർഡിനേഷൻ സമിതികൾ, സ്ഥാപന മാനേജ്മെന്റ് സമിതികൾ
- ബ്ലോക്ക് ജില്ല പഞ്ചായത്ത് തലത്തിലും മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണ്
- പ്രവർത്തന രീതികൾ – സ്ഥാപന സന്ദർശനം, ഔദ്യോഗിക റിവ്യൂ മീറ്റിംഗ്, ഗ്രാമസഭകളിൽ പങ്കെടുക്കുക, പുരോഗതി റിപ്പോർട്ട് പരിശോധിക്കുക, ഗുണഭോക്താക്കളെ സന്ദർശിക്കുക
- പരാതി പരിശോധനകൾ പരിഹാരങ്ങൾ
- സ്ഥാപന മാനേജ്മെന്റ് സമിതി ശാക്തീകരണം

### ചുമതലകൾ

സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങൾ നിശ്ചിത സമയങ്ങളിൽ ശേഖരിക്കുകയും അവ ഡാഷ്ബോർഡ് സംവിധാനത്തിൽ ചേർക്കുകയും ചെയ്യുക. ഓരോ ഉപസമിതിയും തങ്ങളുടെ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങളുടെ അവസ്ഥ ത്രൈമാസികമായോ അർദ്ധവാർഷികമായോ ശേഖരിക്കുകയും സെക്രട്ടറിക്ക് കൈമാറുകയും ചെയ്യുക. ഡാഷ്ബോർഡ് കാലാകാലങ്ങളിൽ പൂരിപ്പിക്കുകയും അതിൽവരുന്ന വിടവുകൾ കണ്ടെത്തുകയും ചെയ്യുന്ന ചുമതല സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ ഉപസമിതിയും തങ്ങളുടെ മേഖലയിലെ നിലവിലെ സൂചകങ്ങൾ ശ്രദ്ധിക്കുകയും നിർണ്ണയിക്കപ്പെട്ട സൂചകങ്ങളിൽ എത്തുന്നതിന് കുറവുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രസിഡന്റിനേയും ഉദ്യോഗസ്ഥരേയും അറിയക്കുകയും പരിഹാര നടപടികൾ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

### മോണിട്ടറിംഗിൽ ശ്രദ്ധിക്കേണ്ടത്

- ഉദ്യോഗസ്ഥതല ചർച്ചയിലൂടെ ടാർജറ്റ് നിശ്ചയിക്കുക ഇവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുക
- സമാധിഷ്ഠിതമായി ടാർജറ്റ് പുരോഗതി തിട്ടപ്പെടുത്തുകയും അവയുടെ ആർജ്ജിത നിലവാരം പരിശോധിക്കുകയും ചെയ്യുക
- സമയാധിഷ്ഠിതമായി പുരോഗതി തിട്ടപ്പെടുത്തുന്നതിന് ഫോർമാറ്റ് തയ്യാറാക്കുക – ത്രൈമാസികം, അർദ്ധവാർഷികം, വാർഷികം
- ഷെഡ്യൂൾ അനുസരിച്ച് ഏത് തരം വിലയിരുത്തൽ രീതി അവലംബിക്കുമെന്ന് തീരുമാനിക്കണം – സ്ഥാപന പരിശോധന രേഖകളുടെ പരിശോധന റിപ്പോർട്ടുകൾ, പ്രവർത്തന രീതികൾ
- തെറ്റുകൾ കണ്ടെത്തുകയല്ല ടാർജെറ്റ് ആർജ്ജിക്കുകയാണ് ലക്ഷ്യം. വിടവുകൾ ഉണ്ടെങ്കിൽ ഇവ എപ്രകാരം തിരുത്താമെന്ന് പരസ്പരം ചർച്ച ചെയ്ത് തീരുമാനിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക ഇതാണ് സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിംഗ് സമിതിയുടെ ലക്ഷ്യം

### സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മോണിട്ടറിംഗ് സംവിധാന ഘടന

- തദ്ദേശഭരണ സ്ഥാപന തല മോണിട്ടറിംഗ് സമിതി
- ഔദ്യോഗികതലം – സർക്കാർ സംവിധാനങ്ങൾ, കോർഡിനേഷൻ സമിതികൾ, സ്ഥാപന മാനേജ്മെന്റ് സമിതികൾ
- ബ്ലോക്ക് ജില്ല പഞ്ചായത്ത് തലത്തിലും മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണ്
- പ്രവർത്തന രീതികൾ – സ്ഥാപന സന്ദർശനം, ഔദ്യോഗിക റിവ്യൂ മീറ്റിംഗ്, ഗ്രാമസഭകളിൽ പങ്കെടുക്കുക, പുരോഗതി റിപ്പോർട്ട് പരിശോധിക്കുക, ഗുണഭോക്താക്കളെ സന്ദർശിക്കുക
- പരാതി പരിശോധനകൾ പരിഹാരങ്ങൾ
- സ്ഥാപന മാനേജ്മെന്റ് സമിതി ശാക്തീകരണം

### തദ്ദേശ ഭരണസ്ഥാപനം – സ്വയം വിലയിരുത്തൽ

- ഓരോ മേഖലയിലെയും ബന്ധപ്പെട്ട സൂചകങ്ങളുടെ നിലവിലെ അവസ്ഥ
- പ്രതീക്ഷിച്ച നേട്ടം

- കൈവരിച്ച നേട്ടം
- വിടവുകളുണ്ടെങ്കിൽ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ–അതിന്റെ ജയ പരാജയങ്ങൾ
- പശ്ചാത്തല മേഖല, സേവന മേഖല, ഉൽപ്പാദന മേഖല– ഈ മൂന്ന് രംഗങ്ങളിലും ഉണ്ടായ നേട്ടങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തുക

**ബാലസൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങളെ ബാലസൗഹൃദമാക്കുന്നതിനുള്ള സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങൾ**

| |
|---|
| ഐസിഡിഎസ് ഗുണഭോക്താക്കളുടെ എണ്ണം |
| 0 – 3 കുട്ടികൾ |
| 3 – 6 കുട്ടികൾ |
| ഗർഭിണികളും, പാലൂട്ടുന്ന അമ്മമാരും |
| 5 ൽ താഴെ പ്രായമുള്ള തൂക്കക്കുറവുള്ള കുട്ടികൾ (Stunting) പ്രായത്തിനനുസരിച്ച് ഉയരമില്ലാത്ത കുട്ടികൾ |
| 5 ൽ താഴെ പ്രായമുള്ള വേസ്റ്റഡ് കുട്ടികൾ (ഉയരത്തിനനുസരിച്ച് തൂക്കമില്ലാത്ത) |
| 06 – 59 മാസക്കാരിൽ വിളർച്ച ബാധിച്ച കുട്ടികൾ |
| 5 – 18 പ്രായക്കാരിൽ വിളർച്ച ബാധിച്ചവരുടെ എണ്ണം |
| 15 – 19 കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ വിളർച്ച ബാധിച്ചവർ |
| ഹയർസെക്കണ്ടറി സ്കൂളിൽ പത്താംതരം കഴിഞ്ഞ എത്ര കുട്ടികൾ ഉടനെ ചേരുന്നു |
| സ്കൂൾ പ്രായത്തിലുള്ള എത്ര കുട്ടികൾ പ്രൈമറി തലത്തിലും അപ്പർ പ്രൈമറിതലത്തിലും ചേർന്നിട്ടുണ്ട് |
| 14 – 18 പ്രായത്തിലുള്ള എത്ര കുട്ടികൾ സ്കൂളിലോ, തൊഴിൽ പരിശീലനത്തിലോ പങ്കെടുക്കാതെ നിൽക്കുന്നു |
| 3– 6 പ്രായത്തിലുള്ള എത്ര കുട്ടികൾ അങ്കണവാടി – പ്രിസ്കൂളിൽ പഠിക്കുന്നു |
| പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിൽ ചേർന്നിട്ടുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണം |
| സ്കൂളുകളിലും 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ ഉന്നത വിദ്യാഭ്യാസത്തിനും ടെക്കനിക്കൽ വിദ്യാഭ്യാസത്തിനും ചേർന്നിട്ടുള്ളവരുടെ ആൺപെൺ തിരിച്ചുള്ള എണ്ണം |
| കാണാതായ കുട്ടികളുടെ എണ്ണം |
| പെൺകുട്ടികൾക്കെതിരായി റിപ്പോർട്ട് ചെയ്യപ്പെട്ട പോക്സോ കേസുകളുടെ എണ്ണം |
| 18 ൽ താഴെയുള്ള കുട്ടികളിൽ ഡി അഡിക്ഷൻ ട്രീറ്റ്മെന്റിന് വിധേയമായവരുടെ എണ്ണം |
| ശൈശവകാല ഭിന്നശേഷി പരിഹാര ഇടപെടലുകൾ ലഭ്യമായ കുട്ടികളുടെ എണ്ണം |

| |
|---|
| പൊതുവിദ്യാലയത്തിലോ പ്രത്യേക വിദ്യാലയത്തിലോ പഠിക്കുന്ന ഭിന്നശേഷി കുട്ടികളുടെ എണ്ണം (6–14) |
| പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ |
| ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കാൻ എന്ത് പ്രാതിനിധ്യമാണ് കുട്ടികൾക്കായി ലഭ്യമാക്കിയിട്ടുള്ളത് |

*തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി കൂട്ടിച്ചേർത്ത സൂചകങ്ങളുടെ മാതൃക അനുബന്ധം 1 ശ്രദ്ധിക്കുക.*

## ബാലസൗഹൃദ ഭരണം – ഉറപ്പാക്കേണ്ട സൂചകങ്ങൾ

ഗർഭിണികളുടെ രജിസ്ട്രേഷൻ 100 ശതമാനം
ആശുപത്രി പ്രസവം 100 ശതമാനം
ഐസിഡിഎസ് ഗുണഭോക്താക്കളുടെ എണ്ണം 100 ശതമാനം
5 വയസ്സിൽ താഴെ കുട്ടികളുടെ പ്രായത്തിനനുസരിച്ച ഭാരം 100 ശതമാനം
വിളർച്ചകുറവുള്ള കുട്ടികളുടെ എണ്ണം 100 ശതമാനം
വിളർച്ചകുറവുള്ള ഗർഭിണികളുടെ എണ്ണം 100 ശതമാനം
5 വയസ്സിൽ കുറവുള്ള കുട്ടികളുടെ എണ്ണം 0 ശതമാനം
മാതൃമരണങ്ങളുടെ എണ്ണം 0 ശതമാനം
നവജാതശിശുമരണങ്ങളുടെ എണ്ണം 0 ശതമാനം
15 – 19 പ്രായമായ പെൺകുട്ടികളിൽ ഗർഭിണികളാകുന്നവരുടെ എണ്ണം 0 ശതമാനം
പ്രൈമറിയിലെത്തുന്ന മൊത്തം പ്രവേശനം കിട്ടിയ കുട്ടികളുടെ എണ്ണം 100 ശതമാനം
4 – 5 പ്രായത്തിൽ പ്രിപ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കപ്പെടുന്നവർ 100 ശതമാനം
ടോയലറ്റ് സൗകര്യമുള്ള അങ്കണവാടികളുടെ എണ്ണം 100 ശതമാനം
കാണാതായ കുട്ടികളുടെ എണ്ണം 0 ശതമാനം
ബാലവേല ചെയ്യുന്ന കുട്ടികളുടെ എണ്ണം 0 ശതമാനം
ലൈംഗീക അതിക്രമത്തിന് വിധേയമാകുന്ന കുട്ടികളുടെ എണ്ണം 0 ശതമാനം
ജനന രജിസ്ട്രേഷൻ 100 ശതമാനം
ആധാർ കാർഡുള്ള സ്കൂൾ കുട്ടികളുടെ എണ്ണം 100 ശതമാനം
കുമാരിക്ലബ്ബുകളിൽ അംഗമായ പെൺകുട്ടികളുടെ എണ്ണം 100 ശതമാനം
പിഎംഎം വിവൈ മാതൃത്വ ആനുകൂല്യം ലഭിക്കുന്ന സ്ത്രീകൾ 100 ശതമാനം
ഭിന്നശേഷി പരിശോധന 100 ശതമാനം
സകലിത വിദ്യാഭ്യാസത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷി കുട്ടികൾ 100 ശതമാനം
സ്വന്തം കെട്ടിടമുള്ള അങ്കണനവാടികൾ 100 ശതമാനം
ഗ്രാമങ്ങളിൽ കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ 100 ശതമാനം
തടസ്സവിമുക്ത പര്യവരണം എല്ലാ പൊതുസ്ഥാപനങ്ങളിലും

> *സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ എല്ലാ സൂചകങ്ങളും ശേഖരിക്കുകയും അവയുടെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുകയാണ് ദേശീയ ലക്ഷ്യം*

# അനുബന്ധം

## സൂചകങ്ങളുടെ അനുബന്ധ പട്ടിക

ഓരോ പ്രദേശത്തിന്റെയും ആവശ്യാനുസരണം ബാലസൗഹൃദ തദ്ദേശഭരണവുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. ബാലാവകാശ മേഖലയിൽ പ്രവർത്തനത്തിന്റെ വ്യാപ്തി കൂട്ടാൻ ഇത് സഹായകരമാകും. അതിനായുള്ള അധികസൂചകങ്ങളുടെ അനുബന്ധ പട്ടിക ഉപപ്രമേയം അടിസ്ഥാനമാക്കി റഫറൻസിനായി താഴെ നൽകുന്നു.

**ഉപപ്രമേയം 1 : പോഷകാഹാരസുരക്ഷ**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 1.3.2: സംയോജിത ശിശു വികസന പദ്ധതിക്ക് (ഐസിഡിഎസ്)കീഴിലുള്ള ഗുണഭോക്താക്കളുടെ എണ്ണം | 1. അർഹരായ ഗുണഭോക്താക്കളിൽ അങ്കണവാടിയിൽ നിന്ന് അനുബന്ധ പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ (6–3 വയസ്സ്) എണ്ണവും ശതമാനവും<br>2. അർഹരായ ഗുണഭോക്താക്കളിൽ അനുബന്ധ പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളായ സ്ത്രീകളുടെ എണ്ണവും ശതമാനവും<br>3. അർഹരായ ഗുണഭോക്താക്കളിൽ അനുബന്ധ പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന സ്ത്രീകളുടെ എണ്ണവും ശതമാനവും<br>4. അർഹരായ ഗുണഭോക്താക്കളിൽ അങ്കണവാടിയിൽ നിന്ന് അനുബന്ധ പോഷകാഹാരം ലഭിക്കുന്ന പ്രീ–സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും |
| 1.3.5:പ്രധാനമന്ത്രി മാതൃത്വ വന്ദന യോജനയ്ക്ക് കീഴിൽ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ അനുപാതം (ആകെ അർഹരായവരിൽ) | 1.3.5:പ്രധാനമന്ത്രി മാതൃത്വ വന്ദന യോജനയ്ക്ക് കീഴിൽ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ അനുപാതം (ആകെ അർഹരായവരിൽ) |

| | |
|---|---|
| 2.1.1: 5 വയസ്സിന് താഴെയുള്ള കുട്ടികളിൽ ഭാരക്കുറവുള്ളവരുടെ ശതമാനം<br>2.1.2: ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ കീഴിൽ വരുന്ന ഗുണഭോക്താക്കളുടെ അനുപാതം | 6. 0-6 വയസ്സ് പ്രായമുള്ളവരിൽ ഭാരക്കുറവ് റിപ്പോർട്ട് ചെയ്ത കുട്ടികളുടെ എണ്ണവും ഈ പ്രായത്തിലുള്ള കുട്ടികളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം |
| 2.2.1: വളർച്ച മുരടിച്ച(പ്രായത്തിനു അനുസരിച്ച ഉയരമില്ലാത്ത) 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ശതമാനം<br>2.2.2:5 വയസ്സിന് താഴെയുള്ള ഉയരത്തിന് അനുസരിച്ച ശരീരഭാരമില്ലാത്ത കുട്ടികളുടെ ശതമാനം<br>2.2.5: വിളർച്ചയുള്ള 6-59 മാസം പ്രായമുള്ള കുട്ടികളുടെ ശതമാനം (<11.0g/dl) | 7. 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മൊത്തം എണ്ണത്തിൽ വളർച്ച മുരടിച്ച (പ്രായത്തിനു അനുസരിച്ച ഉയരമില്ലാത്ത, ഗുരുതരവും മിതവും)ഇതേ വിഭാഗത്തിലെ കുട്ടികളുടെഎണ്ണവും ശതമാനവും<br>8. 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മൊത്തം എണ്ണത്തിൽ ഉയരത്തിന്അനുസരിച്ച ശരീരഭാരമില്ലാത്ത ഇതേ വിഭാഗത്തിലെ കുട്ടികളുടെ എണ്ണവും ശതമാനവും<br>9. 6 നും 59 മാസത്തിനും ഇടയിലുള്ള കുട്ടികളുടെ മൊത്തം എണ്ണത്തിൽ അനീമിയ (വിളർച്ച) ബാധിതരായ ഇതേ വിഭാഗത്തിലെ കുട്ടികളുടെ എണ്ണവും ശതമാനവും<br>10. ഗർഭിണികളായ മൊത്തം സ്ത്രീകളിൽ രണ്ടാം ത്രിമാസത്തിൽ ഭാരക്കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ട ഗർഭിണികളുടെ എണ്ണം<br>11. ഗർഭിണികളായ മൊത്തം സ്ത്രീകളിൽ മൂന്നാം ത്രിമാസത്തിൽ ഭാരക്കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ട ഗർഭിണികളുടെ എണ്ണം<br>12. ഗർഭിണികളായ മൊത്തം സ്ത്രീകളിൽ ഇരുമ്പിന്റെ അഭാവം അനുഭവിക്കുന്ന ഗർഭിണികളുടെ എണ്ണം<br>13. അനീമിയ (വിളർച്ച)യുള്ള 6-59 മാസം പ്രായമുള്ള കുട്ടികളുടെ ശതമാനം (<11.0g/dl)<br>14. വിളർച്ച (Hb<11.0g-ൽ കുറവ്) റിപ്പോർട്ട് ചെയ്ത കുട്ടികളുടെ എണ്ണം (06-5 വയസ്സ്) |

**ഉപപ്രമേയം 2: ശിശു ആരോഗ്യവും ക്ഷേമവും**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 3.1.2: വിദഗ്ധരായ ആരോഗ്യ പ്രവർത്തകർ പങ്കെടുത്ത ജനനങ്ങളുടെ ശതമാനം<br>3.1.4: കഴിഞ്ഞ പ്രസവ ത്തിൽ , പ്രസവാനന്തര പരിചരണം, നാലോ അതി ലധികമോ തവണ ലഭിച്ച സ്ത്രീകളുടെ ശതമാനം | 15. അതേ കാലയളവിൽ ഹോം ഡെലിവറികളുടെ ആകെ എണ്ണത്തിൽ SBA പങ്കെടുത്ത ഹോം ഡെലി വറികളുടെ എണ്ണവും ശതമാനവും<br>16. അതേ കാലയളവിൽ ഗർഭിണികളുടെ ആകെ എണ്ണത്തിൽ അപകടസാധ്യതയുള്ള ഗർഭധാരണ ങ്ങളുടെ ശതമാനം<br>17. അതെ കാലയളവിൽ മൊത്തം ഡെലിവ റികളുടെ എണ്ണത്തിൽ ആശുപത്രിയിൽ നടന്ന ഡെലിവറിയുടെ ശതമാനം |
| 3.2.1: അഞ്ചു വയസിൽ താഴെയുള്ള മരണനിരക്ക്, (1,000 സജീവ ജനനങ്ങൾ ക്ക്)<br>3.2.2: നവജാത ശിശുമരണ നിരക്ക് (1,000 സജീവ ജനനങ്ങൾക്ക്) | 18.No. and percentage of pregnant women with live birth during last one year, who received four or more ANC against the number of PG women with live birth during the same period<br>19. കഴിഞ്ഞ അഞ്ച് വർഷത്തിൽ അഞ്ച് വയ സ്സിന് താഴെയുള്ള കുട്ടികളിൽ അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണങ്ങളുടെ എണ്ണവും ശതമാനവും.<br>20. ഒരേ ഭൂമിശാസ്ത്രപരമായ വർഷത്തിലെ അതേ വർഷം സജീവ ജനനങ്ങളുടെ എണ്ണത്തിൽ പ്രതിവർഷം നവജാതശിശു മരണങ്ങളുടെ എണ്ണവും ശതമാനവും |
| | 21. ശുപാർശ ചെയ്ത വാക്സിൻ ഷെഡ്യൂളിനൊപ്പം നിശ്ചിത തീയതി വരെ നിർദ്ദിഷ്ട വാക്സിൻ സ്വീകരിച്ച കുട്ടികളുടെ അനുപാതം. (0–18)<br>22. ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ അനുപാ തത്തിൽ യഥാർത്ഥത്തിൽ പ്രതിരോധ കുത്തിവയ്പ്പ് നൽകിയ 1 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആകെ എണ്ണം<br>23. ഒരു വയസ്സിന് താഴെയുള്ള മൊത്തം കുട്ടിക ളുടെ എണ്ണത്തിൽ UIP പ്രകാരമുള്ള ഏതെങ്കിലും വാക്സിൻ ഒരു വയസ്സ് വരെ നഷ്ടമായ കുട്ടികളിൽ ഒരു വയസ്സിന് താഴെയുള്ള ഭാഗികമായി പ്രതി രോധ കുത്തിവയ്പ് എടുത്ത കുട്ടിയുടെ അനുപാതം |

| | |
|---|---|
| 3.3.1: അണുബാധയില്ലാത്ത 1,000 ജനസംഖ്യയിൽ പുതിയ എച്ച്ഐവി അണുബാധകളുടെ എണ്ണം<br><br>3.3.2: 1,00,000 ജനസംഖ്യയിൽ ക്ഷയരോഗബാധ<br><br>3.3.3: 1,000 ജനസംഖ്യയിൽ മലമ്പനി രോഗബാധ<br><br>3.3.5: ഡെങ്കിപ്പനി : മരണനിരക്ക് അനുപാതം | 24. അമ്മയിൽ നിന്ന് കുട്ടിയിലേക്ക് എച്ച്ഐവി പകരുന്ന ഏതെങ്കിലും എച്ച്ഐവി കേസുകൾ?<br>25. കഴിഞ്ഞ 5 വർഷത്തിൽ 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണത്തിൽ മലേറിയയും ടിബിയും ബാധിച്ച കുട്ടികളുടെ എണ്ണം<br>26. 15 വയസ്സിന് മുകളിലുള്ള മൊത്തം കുട്ടികളിൽ ആസ്ത്മ ബാധിച്ച് ചികിത്സ തേടുന്ന കുട്ടികളുടെ എണ്ണം |
| 3.4.1: കാൻസർ മൂലമുള്ള മരണങ്ങളുടെ എണ്ണം<br><br>3.4.2: ആത്മഹത്യാ മരണനിരക്ക്, (1,00,000 ജനസംഖ്യയിൽ) | 27. ഒരേ കാലയളവിൽ ഗ്രാമപഞ്ചായത്ത് ഏരിയയിലെ മൊത്തം കാൻസർ കേസുകളുടെ എണ്ണത്തിൽ കഴിഞ്ഞ 3 വർഷത്തിനിടെ കുട്ടികളിൽ കണ്ടെത്തിയ പുതിയ കാൻസർ കേസുകളുടെ എണ്ണവും ശതമാനവും<br>28.കഴിഞ്ഞ 3 വർഷത്തിനിടയിൽ കാൻസർ ബാധിച്ച കുട്ടികളുടെ എണ്ണത്തിൽ കാൻസർ മൂലമുള്ള ശിശുമരണങ്ങളുടെ എണ്ണം |
| | 29. അഞ്ചു വയസിന് മുകളിൽ മരണപ്പെട്ട കുട്ടികളിൽ ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം<br>30. പ്രദേശത്തെ ആകെ മൊത്തം സ്കൂളുകളിൽ കൗൺസിലിംഗ് സപ്പോർട്ട് സേവനങ്ങൾ ഉള്ള സ്കൂളുകളുടെ എണ്ണം. |
| 3.5.3: മദ്യം ഉപയോഗിക്കുന്ന ജനസംഖ്യയിലെ പുരുഷന്മാർ (15–54 വയസ്സ്), സ്ത്രീകൾ (15–49 വയസ്സ്) ശതമാനം | 31. ഡീ–അഡിക്ഷൻ സെന്ററുകളിലേക്ക് റഫർ ചെയ്യപ്പെട്ട യുവാക്കളുടെ എണ്ണം |
| 3.8.3: ART സ്വീകരിക്കുന്ന HIV ബാധിതരായ കുട്ടികളുടെ ശതമാനം | 32. ART– സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണം |

**പ്രമേയം: 3 ഗുണനിലവാരമുള്ള വിദ്യാഭ്യാസം**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 4.1.1: 3, 5, 8, 10 ഗ്രേഡുകളിലെ വിദ്യാർത്ഥികളിൽ ദേശീയതലത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ള പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ, മുകളിൽ പറഞ്ഞ ഓരോ ഗ്രേഡുകളുടെയും അവസാനം വിദ്യാർത്ഥികൾക്ക് നേടേണ്ട ഏറ്റവും കുറഞ്ഞ പ്രാവീണ്യ നിലവാരത്തിന്റെ ശതമാനം.<br>4.1.2: അവസാന ഗ്രേഡിലേക്കുള്ള മൊത്തം ഉപഭോഗ അനുപാതം (പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി)<br>4.1.3: ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിലെ മൊത്തം എൻറോൾമെന്റ് അനുപാതം<br>4.1.6: ഗ്രേഡ് 1 ൽ എൻറോൾ ചെയ്ത വിദ്യാർത്ഥികളിൽ അവസാന ഗ്രേഡിലേക്കോ പ്രൈമറി/അപ്പർ പ്രൈമറി/ സെക്കണ്ടറി തലങ്ങളിലേക്കോ എത്തുന്ന വിദ്യാർത്ഥികളുടെ അനുപാതം | 33.ആകെ മൊത്തം കുട്ടികളിൽ പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ചേരുന്ന ഔദ്യോഗിക സ്കൂൾ പ്രായത്തിലുള്ള വിദ്യാർത്ഥികളുടെ ശതമാനം<br>34. അതേ പ്രായത്തിലുള്ള സ്കൂളിന് പുറത്തുള്ള അനുപാതം (പ്രൈമറി, അപ്പർ പ്രൈമറി, എലിമെന്ററി, സെക്കണ്ടറി, ഹയർ സെക്കണ്ടറി –ആൺ–പെൺ)<br>35. വർഷത്തിൽ പത്താം ക്ലാസ് വിജയിച്ച വിദ്യാർത്ഥികളിൽ പത്താം ക്ലാസിന് ശേഷം ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ശതമാനം<br>36. ഗ്രേഡിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പരീക്ഷയിൽ 40 ശതമാനത്തിലധികം മാർക്ക് നേടിയ നാലാം ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം<br>37. ഗ്രേഡിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണത്തിൽ പരീക്ഷയിൽ 40 ശതമാനത്തിലധികം മാർക്ക് നേടിയ 7, 9 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ എണ്ണം (AESR ഇൻഡിക്കേറ്റർ) |
| 4.2.1: ഔദ്യോഗിക പ്രാഥമിക പ്രവേശനത്തിന് ഒരു വർഷം മുമ്പ് പ്രീ – സ്കൂൾ പഠനത്തിൽ പങ്കാളിത്ത നിരക്ക്<br>4.2.2: ബാല്യകാല വിദ്യാഭ്യാസ എൻറോൾമെന്റ് അനുപാതം | 38. പ്രായത്തിലുള്ള മൊത്തം കുട്ടികളുടെ എണ്ണത്തിൽ പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ പങ്കെടുക്കുന്ന 4–5 വയസ്സിനിടയിലുള്ള കുട്ടികളുടെ ശതമാനം |

| | |
|---|---|
| 4.5.1: പ്രൈമറി/സെക്കണ്ടറി/ ഹയർ സെക്കണ്ടറി/ടെർഷ്യറി വിദ്യാഭ്യാസത്തിനായുള്ള ലിംഗ സമത്വ സൂചികകൾ<br>4.5.2: വൈകല്യമുള്ള കുട്ടികളുടെ എൻറോൾമെന്റ് അനുപാതം | 39. ഒരേ വിഭാഗത്തിൽപ്പെട്ട മൊത്തം കുട്ടികളുടെ എണ്ണത്തിൽ സ്കൂളുകളിൽ (എസ്സി/എസ്ടി, വികലാംഗർ, കുടിയേറ്റക്കാർ, എച്ച്ഐവി ബാധിതർ തുടങ്ങിയവർ) എൻറോൾ ചെയ്ത ദുർബല വിഭാഗങ്ങളിൽ പെട്ട കുട്ടികളുടെ ശതമാനം<br>40. ലിംഗഭേദം, പ്രായം, എസ്സി/എസ്ടി, വൈകല്യം, ബിപിഎൽ എന്നിവ പ്രകാരം എൻറോൾ ചെയ്യുകയും തരംതിരിക്കുകയും ചെയ്ത 5 വയസ്സുള്ള കുട്ടികളുടെ ശതമാനം<br>41. ഒരു നിശ്ചിത വിദ്യാഭ്യാസ തലത്തിൽ ചേർന്നിട്ടുള്ള അതേ തലത്തിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ 5 വയസ്സിന് മുകളിലുള്ള സ്ത്രീ വിദ്യാർത്ഥികളുടെ ശതമാനം<br>42. പ്രൈമറി, സെക്കണ്ടറി, അപ്പർ സെക്കണ്ടറി തലങ്ങളിൽ വൈകല്യമുള്ള കുട്ടികളുടെ എൻറോൾമെന്റ് അനുപാതം<br>43. കുടിയേറ്റ തൊഴിലാളികൾക്കിടയിൽ അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ ശതമാനം |
| 4.a.1 താഴെ പറയുന്ന സൗകര്യങ്ങൾ ഉള്ള സ്കൂളുകളുടെ അനുപാതം:<br>(എ) വൈദ്യുതി<br>(ബി) പഠിക്കാനുള്ള കമ്പ്യൂട്ടറുകൾ (സി)അഡാപ്റ്റഡ് ഇൻഫ്രാസ്ട്രക്ചർ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള മെറ്റീരിയലുകൾ/ വികലാംഗ സൗഹൃദ റാമ്പും ടോയ്‌ലറ്റുകളും<br>(ഡി)അടിസ്ഥാന കുടിവെള്ളം<br>(ഇ) ലിംഗാടിടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ &<br>(എഫ്) അടിസ്ഥാന കൈകഴുകൽ സൗകര്യങ്ങൾ, (ശതമാനത്തിൽ) | 44. തടസ്സങ്ങളില്ലാത്ത ഘടനകളുള്ള സ്കൂളുകളുടെ ശതമാനം<br>45. പെൺകുട്ടി സൗഹൃദ ടോയ്‌ലറ്റുകളുള്ള സ്കൂളുകളുടെ ശതമാനം<br>46. സുരക്ഷിതമായ കുടിവെള്ളമുള്ള സ്കൂളുകളുടെ ശതമാനം<br>47. നാപ്കിൻ വെൻഡിംഗ്, ഡിസ്പോസൽ സൗകര്യങ്ങളുള്ള സ്കൂളുകളുടെ ശതമാനം |

| | |
|---|---|
| 7.1.1: വൈദ്യുതീകരിച്ച വീടുകളുടെ ശതമാനം | 48. മൊത്തം സ്കൂളുകളുടെ എണ്ണത്തിൽ വൈദ്യുതീകരിച്ച സ്കൂളുകളുടെ എണ്ണവും ശതമാനവും<br>49. മൊത്തം അങ്കണവാടികളുടെ എണ്ണത്തിൽ വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം ഗ്യാസ് പ്ലാന്റുകളുടെ എണ്ണവും ശതമാനവും<br>50. മൊത്തം സ്കൂളുകളുടെ എണ്ണത്തിൽ സൗരോർജ്ജം നൽകുന്ന സ്കൂളുകളുടെ എണ്ണവും ശതമാനവും<br>51. മൊത്തം സ്കൂളുകളുടെ എണ്ണത്തിൽ ബയോ-ഗ്യാസ് പ്ലാന്റുകളുള്ള സ്കൂളുകളുടെ എണ്ണവും ശതമാനവും |
| 9.1.1: ഒരു ഓൾ-സീസൺ റോഡിന്റെ 2 കിലോമീറ്ററിനുള്ളിൽ താമസിക്കുന്ന ഗ്രാമീണ ജനസംഖ്യയുടെ അനുപാതം | 52. മൊത്തം സ്കൂളുകളുടെ എണ്ണത്തിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉള്ള സ്കൂളുകളുടെ ശതമാനം<br>53. മൊത്തം വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഐസിടിയുടെ വിദ്യാഭ്യാസം സാധ്യമാക്കി കീഴിൽ വരുന്ന സ്കൂൾ വിദ്യാർത്ഥികളുടെ ശതമാനം<br>54. മൊത്തം സ്കൂളുകളുടെ എണ്ണത്തിൽ ഐസിടി (സ്മാർട്ട് ക്ലാസ് റൂമുകളും കമ്പ്യൂട്ടർ ലാബും) ഉള്ള സ്കൂളുകളുടെ ശതമാനം |

**പ്രമേയം: 4 : പെൺകുട്ടികൾ**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 5.1.1: സമത്വവും ലിംഗ വിവേചനമില്ലായ്മയും പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയമപരമായ ചട്ടക്കൂട് നിലവിലുണ്ടോ എന്ന്, (ശതമാനത്തിൽ) | 55. ആകെ നവജാതശിശു മരണങ്ങളുടെ എണ്ണത്തിൽ പെൺകുട്ടികൾക്കിടയിലെ നവജാത ശിശുമരണ നിരക്ക്<br>56. സ്കൂൾ കൊഴിഞ്ഞുപോക്കിലെ ആൺ-പെൺ അനുപാതം |

| | |
|---|---|
| 5.1.4: 1,00,000 സ്ത്രീകളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ നിരക്ക്<br>5.2.1:കലണ്ടർ വർഷത്തിൽ രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട മൊത്തം കുറ്റ കൃത്യങ്ങളിൽ സ്ത്രീകൾക്കെ തിരായ കുറ്റകൃത്യങ്ങളുടെ അനുപാതം<br>5.2.4:കലണ്ടർ വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മൊത്തം കുറ്റകൃത്യങ്ങളിൽ പെൺ കുട്ടികൾക്കെതി രായ ലൈംഗിക കുറ്റകൃത്യ ങ്ങളുടെ അനുപാതം<br>5.2.5.കലണ്ടർ വർഷത്തിൽ കടത്തപ്പെട്ട മൊത്തം കുട്ടികളുമായി പെൺകുട്ടി കളെ കടത്തുന്നതിന്റെ അനുപാതം (ശതമാന ത്തിൽ)<br>5.2.7: കുട്ടികളുടെ ലിംഗാ നുപാതം (0–6 വർഷം), 2011 (1,000 പുരുഷന്മാർ ക്ക്സ്ത്രീകൾ) | 57. കലണ്ടർ വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട്ചെയ്യപ്പെട്ട മൊത്തം കുറ്റകൃത്യങ്ങളിൽ പെൺകുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം (കുറ്റകൃത്യങ്ങളുടെ തരം അനുസരിച്ച്)<br>58. പെൺകുട്ടികളിൽ പോക്സോ കുറ്റകൃത്യങ്ങളുടെ എണ്ണം<br>59.കഴിഞ്ഞ മൂന്ന് വർഷത്തിനിടെ തദ്ദേശഭരണ സ്ഥാപന മേഖലയിൽ കാണാതായ കുട്ടികളുടെ എണ്ണം<br>60.കഴിഞ്ഞവർഷം പിസിപിസി കീഴിൽ നടത്തിയ മൊത്തം സിറ്റിങ്ങുകളുടെ എണ്ണം<br>61. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങളെക്കുറിച്ച് നടത്തിയ ബോധവൽക്ക രണ പരിപാടികളുടെ എണ്ണം<br>62.ലിംഗാനുപാതം (0–6വർഷം)<br>63.സ്കാൻ ചെയ്തതിന് ശേഷം റിപ്പോർട്ട് ചെയ്ത MTP യുടെ എണ്ണം |
| 5.3.1: 18 വയസ്സിൽ വിവാഹിതരായ 20നും 24നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ശതമാനം | 64. ഗ്രാമപഞ്ചായത്തിലെ മൊത്തം വിവാഹങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി 15–18 വയസ്സിനിട യിൽ വിവാഹിതരായ പെൺകുട്ടികളുടെ ശതമാനം<br>65. ശൈശവ വിവാഹ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശൈശവ വിവാഹ കേസുകളുടെ എണ്ണം<br>66. ശൈശവ വിവാഹത്തെക്കുറിച്ച് വികസിപ്പി ച്ചെടുത്ത പ്രത്യേക IEC സാമഗ്രികൾ, നടത്തിയ പ്രചാരണങ്ങൾ |

| | |
|---|---|
| 5.6.3: എച്ച്ഐവി/ എയ്ഡ്സിനെകുറിച്ച് സമഗ്രമായ അറിവുള്ള 15 നും 24 നും ഇടയിൽ പ്രായമുള്ള ജനസംഖ്യയുടെ ശതമാനം | 67. എച്ച്ഐവി/എയ്ഡ്സിനെകുറിച്ച് സമഗ്രമായ അറിവുള്ള 10 നും 18 നും ഇടയിൽ പ്രായമുള്ള ജനസംഖ്യയുടെ ശതമാനം |

**ഉപപ്രമേയം: 5 : വെള്ളവും ശുചിത്വവും**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 6.1.1: പൈപ്പ് വാട്ടർ സപ്ലൈ (PWS) വഴി പരിസരത്ത് തന്നെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭിക്കുന്ന ജനസംഖ്യയുടെ ശതമാനം<br>6.1.2: മെച്ചപ്പെട്ട കുടിവെള്ളസ്രോതസ്സ് ഉപയോഗിക്കുന്ന ജനസംഖ്യയുടെ ശതമാനം | 68. കുട്ടികളുള്ള വീടുകളുടെ ശതമാനം<br>69. കുട്ടികളുള്ള മൊത്തം കുടുംബങ്ങളുടെ എണ്ണത്തിൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്ന കുട്ടികളുള്ള കുടുംബങ്ങളുടെശതമാനം<br>70. ഗ്രാമപഞ്ചായത്ത് പരിധിയിൽ 24×7 പൈപ്പ് ജല വിതരണം നൽകപ്പെട്ട അങ്കണവാടികളുടെയും സ്കൂളുകളുടെയും എണ്ണവും ശതമാനവും<br>71. സ്വന്തമായി കുടിവെള്ളസ്രോതസ്സുള്ള അങ്കണവാടികളുടെയും സ്കൂളുകളുടെയും എണ്ണവും ശതമാനവും<br>72. സുരക്ഷിതമായ കുടിവെള്ളമുള്ള വീടുകൾ, അങ്കണവാടികൾ, പൊതുസ്ഥലങ്ങൾ എന്നിവയുടെ ശതമാനം |
| 6.2.2: തുറസ്സായ മലമൂത്രവിസർജ്ജനരഹിത (ഒഡിഎഫ്) ലക്ഷ്യം കൈവരിക്കുന്ന ജില്ലകളുടെ ശതമാനം | 73. കുട്ടികളുള്ള മൊത്തം കുടുംബങ്ങളുടെ എണ്ണത്തിൽ ശൗചാലയങ്ങളുള്ള കുടുംബങ്ങളുടെ ശതമാനം<br>74. ശൗചാലയ സൗകര്യമുള്ള അങ്കണവാടികളുടെയും സ്കൂളുകളുടെയും എണ്ണവും ശതമാനവും<br>75. വയറിളക്ക രോഗങ്ങളാൽ ബാധിതരായ മൊത്തം ആളുകളുടെ എണ്ണത്തിൽ വയറിളക്ക രോഗങ്ങൾ ബാധിച്ച കുട്ടികളുടെ എണ്ണവും ശതമാനവും |

| | |
|---|---|
| | 76. പെൺകുട്ടികൾക്ക് പ്രത്യേക ശൗചാലയ സൗകര്യമുള്ള സ്കൂളുകളുടെ അനുപാതം<br>77. പെൺകുട്ടികൾക്ക് പ്രത്യേക ശൗചാലയ സൗകര്യമുള്ള അങ്കണവാടികളുടെ അനുപാതം<br>78. വികലാംഗരായ കുട്ടികൾക്കായുള്ള പൊതുഓഫീസുകളിലെയും സ്ഥാപനങ്ങളിലെ ശൗചാലയങ്ങളുടെ എണ്ണം<br>79. സ്കൂളുകളിലും അങ്കണവാടികളിലും ഉച്ചഭക്ഷണത്തിന് മുമ്പ് സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്ന കുട്ടികളുടെ എണ്ണവും ശതമാനവും<br>80. ശിശുസൗഹൃദ, സ്ത്രീസൗഹൃദ ശൗചാലയങ്ങൾക്കായി മാപ്പ് ചെയ്ത പൊതുസ്ഥലങ്ങളുടെ എണ്ണം |
| 6.3.2: പരിസര നിലവാരമുള്ള (പ്രകൃതിദത്തമായ, രാസശുദ്ധീകരണത്തിനു വിധേയമാക്കാത്ത) ജലാശയങ്ങളുടെ അനുപാതം | 81. വാട്ടർ സ്റ്റോർ കാർഡുള്ള കുട്ടികൾക്കുള്ള പൊതുഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണവും ശതമാനവും<br>82. ജലത്തിന്റെ ഗുണനിലവാരത്തിനായുള്ള പരിശോധനയിൽ കുടിവെള്ളയോഗ്യമാണെന്നു സ്ഥിരീകരിക്കപ്പെട്ട സാമ്പിളുകളുടെ ശതമാനം<br>83. ജലജന്യരോഗങ്ങൾ റിപ്പോർട്ട്ചെയ്ത കേസുകളുടെ എണ്ണം |
| 6.3.3: മലിനജല ശുദ്ധീകരണശേഷിയുടെ അനുപാതം മൊത്തം ഉൽപാദനവുമായി ബന്ധപ്പെടുത്തി | 84. മാലിന്യ സംസ്കരണ സൗകര്യങ്ങളുള്ള കുട്ടികൾക്കായുള്ള പൊതുഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം<br>85. സ്വന്തമായി മാലിന്യസംസ്കരണ സംവിധാനമുള്ള വീടുകളുടെ/ഫ്ലാറ്റുകളുടെ എണ്ണം |

**ഉപപ്രമേയം: 6 : ശിശു സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| 8.5.5: സാമൂഹിക സംരക്ഷണ പദ്ധതികൾക്ക് കീഴിൽ വരുന്ന വൈകല്യമുള്ള മൊത്തം ജനസംഖ്യ | 86. സ്കൂൾ പോകുന്ന പ്രായത്തിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ ആകെ എണ്ണത്തിൽ സ്കൂളുകളിലോ സ്പെഷ്യൽ സ്കൂളുകളിലോ എൻറോൾ ചെയ്ത വൈകല്യമുള്ള കുട്ടികളുടെ ശതമാനം<br>87. ഗ്രാമപഞ്ചായത്തിലെ മൊത്തം സിഡബ്ല്യുഡിയുടെ എണ്ണത്തിൽ വികലാംഗ പെൻഷൻ ലഭിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളുടെ ശതമാനം<br>88. സ്പെഷ്യൽ സ്കൂളുകളിലോ റെഗുലർ സ്കൂളുകളിലോ എൻറോൾ ചെയ്ത സിഡബ്ല്യുഡിയുടെ ആകെ സ്കോളർഷിപ്പ് ലഭിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളുടെ ശതമാനം |
| 8.7.1: 10,00,000 കുട്ടികളുടെ ജനസംഖ്യയിൽ കുട്ടികളെ കടത്തുന്ന കേസുകൾ | 89. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത മനുഷ്യക്കടത്ത് കേസുകളുടെ എണ്ണം<br>90. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത മനുഷ്യക്കടത്ത് കേസുകളുടെ എണ്ണത്തിൽ കുട്ടികളെ കടത്തിയ കേസുകളുടെ എണ്ണം.<br>91. ജോലി ചെയ്യുന്ന രക്ഷിതാക്കളുടെ കുട്ടികളെ പകൽ സമയത്ത് പരിചരിക്കുന്ന ഗ്രാമപഞ്ചായത്ത് ഏരിയയിലെ അങ്കണവാടികളുടെ എണ്ണവും ശതമാനവും<br>92. ലിംഗഭേദം, സാമൂഹിക–സാമ്പത്തിക സ്ഥിതിയും കൂടാതെ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമപഞ്ചായത്ത് മേഖലയിൽ കാണാതായ കുട്ടികളുടെ എണ്ണം<br>93. ഗ്രാമപഞ്ചായത്ത് മേഖലയിൽ കാണാതായ കുട്ടികളുടെ എണ്ണത്തിൽ രക്ഷപ്പെടുത്തിയ കുട്ടികളുടെ എണ്ണം<br>94. പ്രാദേശിക ജനസംഖ്യയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമപഞ്ചായത്ത് മേഖലയിൽ രജിസ്റ്റർ ചെയ്ത ബാലവേല ലംഘന കേസുകളുടെ എണ്ണം<br>95. പ്രാദേശിക ജനസംഖ്യയിൽ ബാലവേലയിൽ നിന്ന് രക്ഷിച്ച കുട്ടികളുടെ എണ്ണം<br>96. ബാല ലൈംഗിക വിനോദസഞ്ചാരത്തിനെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |

| | |
|---|---|
| 8.8.1: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊ ഴിലുറപ്പ് നിയമത്തിന് (MGNREGA) കീഴിൽ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങൾ ലഭി ക്കുന്ന കുടുംബങ്ങളുടെ ശതമാനം | 97. ഗ്രാമപഞ്ചായത്ത് പരിധിയിലെ മൊത്തം കുട്ടികളുടെ എണ്ണത്തിൽ എംജിഎൻആർഇജിഎസിനായി എൻറോൾ ചെയ്ത കുട്ടികളുടെ എണ്ണവും ശതമാനവും (18 വയസ്സിന് താഴെയുള്ളവർ)<br>98. 5 വയസ്സിന് താഴെയുള്ള കുട്ടികളുമായി ജോലിസ്ഥ ലത്തേക്ക് വരുന്ന സ്ത്രീ/പുരുഷ തൊഴിലാളികളുടെ എണ്ണം<br>99. MGNREGS വർക്ക്സൈറ്റിൽ പരിചരണ സൗകര്യ ങ്ങൾ നൽകിയ കുട്ടികളുടെ എണ്ണം |
| | 100.ഗ്രാമപഞ്ചായത്ത് പരിധിയിൽ  കുടിയേറ്റ തൊഴി ലാളികളുടെ എണ്ണം<br>101.  ഗ്രാമപഞ്ചായത്ത് പരിധിയിൽ  മൊത്തം കുടി യേറ്റ തൊഴിലാളികളുടെ എണ്ണത്തിൽ കുട്ടികളുമായി താമസിക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ ശതമാനം<br>103. കുടിയേറ്റ ജനസംഖ്യയിൽ ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ ആകെ എണ്ണത്തിൽ ബാലവേലയിൽ നിന്ന് രക്ഷിച്ച കുട്ടികളുടെ എണ്ണവും ശതമാനവും |
| 16.2.1: വർഷത്തിൽ കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ അനുപാതം, (1,00,000 കുട്ടികൾക്ക്) | 104. മൊത്തം കുട്ടികളിൽ കഴിഞ്ഞ അഞ്ച് വർഷ ത്തിനിടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ  കുട്ടികൾ ക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം  (ശാരീരികമോ മാനസികമോ ലൈംഗികമോ)<br>105. കഴിഞ്ഞ രണ്ട് വർഷമായി ഗ്രാമപഞ്ചായത്ത് മേഖലയിൽ റിപ്പോർട്ട് ചെയ്ത POCSO കേസുകളുടെ എണ്ണം<br>106. ഗ്രാമപഞ്ചായത്ത് പരിധിയിൽ  സ്കൂളുകളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ റിപ്പോർട്ട് ചെയ്യപ്പെട്ട ശാരീരിക ശിക്ഷാ കേസുകളുടെ എണ്ണം<br>107. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമപഞ്ചായ ത്ത് പരിധിയിൽ കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളെ ക്കുറിച്ച് നടത്തിയ ബോധവത്കരണ ക്ലാസുകളുടെ എണ്ണം |

| | |
|---|---|
| 16.2.2: മനുഷ്യക്കടത്തിൽ 1,00,000 ജനസംഖ്യയിൽ നിന്ന് രക്ഷപ്പെട്ട ഇരകളുടെ എണ്ണം, ലിംഗഭേദം, പ്രായം, ചൂഷണത്തിന്റെ രൂപങ്ങൾ എന്നിവ പ്രകാരം<br>16.2.3: കാണാതായ കുട്ടികളുടെ എണ്ണം, (സൂചിക 8.7.2 പോലെ) | 108. ഒരേ കാലയളവിൽ കടത്തപ്പെട്ട മൊത്തം കുട്ടികളുടെ എണ്ണത്തിനെതിരായി കടത്തിക്കൊണ്ടു പോയ പെൺകുട്ടികളുടെ എണ്ണം<br>109. ഒരേ കാലയളവിൽ കടത്തപ്പെട്ട കുട്ടികളുടെ എണ്ണത്തിൽ നിന്ന് രക്ഷിച്ച കുട്ടികളുടെ എണ്ണവും ശതമാനവും |
| | 110. ഒരേ കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മൊത്തം കുട്ടികളുടെ എണ്ണത്തിൽ ഒരു നിശ്ചിത കാലയളവിൽ കുട്ടികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ ശതമാനം<br>111. മയക്കുമരുന്ന് ദുരുപയോഗം റിപ്പോർട്ട് ചെയ്യപ്പെട്ട മൊത്തം കുട്ടികളുടെ എണ്ണത്തിൽ ഒരു നിശ്ചിത കാലയളവിൽ ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സിക്കുന്ന കുട്ടികളുടെ ശതമാനം<br>112. ഡി അഡിക്ടഡ് ആയ കുട്ടികളിൽ ഡീ അഡിക്ഷൻ സെന്ററുകളിൽ ചികിത്സിക്കുന്ന കുട്ടികളുടെ ശതമാനം<br>113. മൊബൈൽ ഫോണിനും ഇന്റർനെറ്റിനും അടിമപ്പെട്ട കുട്ടികളുടെ എണ്ണം |
| 16.7.1: ദേശീയ പാർലമെന്റ്, സംസ്ഥാന നിയമനിർമ്മാണം, തദ്ദേശ സ്വയംഭരണം എന്നിവയിൽ സ്ത്രീകൾക്കുള്ള സീറ്റുകളുടെ അനുപാതം | 114.ഗ്രാമപഞ്ചായത്ത് തലത്തിൽ കുട്ടികൾക്കായുള്ള പങ്കാളിത്ത ഫോറങ്ങളുടെ എണ്ണം<br>115.മൊത്തം കുട്ടികളുടെ എണ്ണത്തിൽ ഏതെങ്കിലും കുട്ടികളുടെ പങ്കാളിത്ത ഫോറങ്ങളിൽ എൻറോൾ ചെയ്ത കുട്ടികളുടെ ശതമാനം |
| 16.9.1: രജിസ്റ്റർ ചെയ്ത ജനനങ്ങളുടെ ശതമാനം<br>16.9.2: ആധാറിന് കീഴിൽ വരുന്ന ജനസംഖ്യയുടെ അനുപാതം | 116. കഴിഞ്ഞ വർഷത്തെ ആകെ ജനനങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ജനനങ്ങളുടെ ശതമാനം<br>117. 5-18 പ്രായത്തിലുള്ള കുട്ടികളുടെ ആകെ എണ്ണത്തിൽ ആധാർ കാർഡുള്ള കുട്ടികളുടെ എണ്ണം |

**ഉപപ്രമേയം 7 – പങ്കാളിത്തം**

| ദേശീയ തല സൂചകങ്ങൾ | പരിഷ്കരിച്ച ഗ്രാമപഞ്ചായത്ത്തല സൂചകങ്ങൾ |
|---|---|
| കുട്ടികളുടെ പ്രത്യേക ഗ്രാമസഭ ഉറപ്പാക്കുക | 118. കുട്ടികളുടെ പ്രത്യേക ഗ്രാമസഭയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം |
| കുട്ടികളുടെ പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പുകളിൽ ഉറപ്പാക്കുക | 119. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ ചേർക്കപ്പെട്ട കുട്ടികളുടെ എണ്ണം |
| ബാലസഭകളിലെ കുട്ടികളുടെ പങ്കാളിത്തം | 120. ബാലസഭകളിൽ പങ്കാളിത്തമുള്ള കുട്ടികളുടെ എണ്ണവും ശതമാനവും |
| പങ്കാളിത്ത വേദികൾ | 121. ഒരു വേദിയിലും പങ്കാളിത്തം ഇല്ലാത്ത കുട്ടികളുടെ എണ്ണം. |